# 17

# “ജ്ഞാനത്തിൽ നടപ്പിൻ”

# (ഭാഗം 1)

## (5:15- 33)

എഫെസ്യ ലേഖനത്തിലെ അവസാന മുഖ്യ ഭാഗത്തിൽ (5:15–6:20), നല്ല ക്രിസ്തീയ ബന്ധം നലനിർത്തുന്നതിനും, ദുഷ്ടനോട് ഉറച്ചു നിന്ന് പോരാടുവാനും ഉള്ള പ്രത്യേക പദ്ധതിയെ അപ്പൊസ്തലനായ പൗലൊസ് അവതരിപ്പിക്കുന്നു. ചില രീതിയിൽ “നടപ്പിൻ” എന്ന ലേഖനത്തിലെ നാലാമത്തെയും അവസാനത്തെയും കല്പന 5:15–ൽ നൽകിയിരിക്കുന്നു.

### ദൈവത്തെയും മറ്റുള്ളവരേയും ശ്രദ്ധിച്ചുകൊണ്ടുള്ള ജീവിതം (5:15-21)

**“സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ” (5:15, 16).**

**15ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികകളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. 16ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ.**

**വാകൃങ്ങൾ 15, 16.** അവരുടെ നടപ്പിനെക്കുറിച്ചുള്ള ആദ്യത്തെ മൂന്നു പ്രബോധനങ്ങൾ, അവരെ “വിളിച്ച വിളിക്കു യോഗ്യമായി” നടപ്പിൻ എന്നും “സ്നേഹത്തിൽ,” നടപ്പിൻ എന്നും “വെളിച്ചത്തിന്റെ മക്കൾ ആയി നടപ്പിൻ എന്നും ആയിരുന്നു.” നാലാമത്തേത് നിങ്ങൾ **എങ്ങനെ നടക്കുന്നു എന്ന്** ശ്രദ്ധിപ്പിൻ എന്നതായിരുന്നു. “ബി” എന്നത് (*ബ്ലെപെറ്റെ*) ഗ്രീക്ക് ആജ്ഞയിലാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. പൗലൊസ് ഇവിടെ ഉപയോഗിച്ച ക്രിയ “തുടർ പ്രവൃത്തിയെ കാണിക്കുന്നു.”[1] അതിന്റെ അർത്ഥം “മനസിൽ തിരിച്ചറിയുക, നിരീക്ഷിക്കുക, ഗ്രഹിക്കുക, പരിഗണിക്കുക, അഭിമുഖീകരിക്കുക, ശ്രദ്ധിക്കുവാനായി നോക്കുക, ശ്രദ്ധിച്ചു കേൾക്കുക”[2] “ശ്രദ്ധയോടെ” എന്ന വാക്ക് തർജ്ജിമ ചെയ്തത് *അക്രോബൊസ്* ആണ്, “അതിന് വലിയ വേദന ആവശ്യമാണ്, ശ്രദ്ധ, ഉത്സാഹം” എന്നും “ശരിയായ” എന്നും “കൃത്യമായ” അർത്ഥമുണ്ട്.[3] ക്രിസ്ത്യാനിയുടെ നടപ്പ് തുടർച്ചയായി ശരിയാക്കുവാൻ ദൈവവചനം പരിശോധിക്കേണ്ടതുണ്ട്. ഈ പ്രബോധനം ദൈവം യോശുവക്ക് കൊടുത്ത ആജ്ഞ പോലെയാണ്, അവിടെ അവൻ പറഞ്ഞു “ന്യായപ്രമാണം വിട്ടുമാറാതെ സൂക്ഷിച്ചുകൊൾക ... അതിൽനിന്ന് ഇടത്തോട്ടോ വലത്തോട്ടോ മാറരുത്” (യോശു. 1:7). ജ്ഞാനത്തിൽ ജീവിക്കുന്നതിനെക്കുറിച്ച് നിർദ്ദേശിച്ചപ്പോൾ അപ്പൊസ്തലൻ യേശുവിന്റെ വാക്കുകൾ ഉദ്ധരിച്ചു പറഞ്ഞു, “ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പ

ണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യനാകുന്നു" (മത്താ. 7:24).

"നിങ്ങൾ എങ്ങനെ നടക്കുന്നു എന്ന് ശ്രദ്ധിക്കുവാൻ" **ബുദ്ധി ശൂന്യരായ മനുഷ്യരുടെ** വിഡ്ഢിത്തത്തെ ഒഴിവാക്കി **ബുദ്ധിയുള്ളവരുടെ** വഴിയെ നടന്ന് നിങ്ങളുടെ **സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾക**. ഗ്രീക്ക് പാർട്ടിസിപ്പിൾ *എക്സാഗോരസോമെനൊയി*, അത് *എക്സാഗോരസോ*യുടെ മറ്റൊരു വകഭേദമാണ്, അർത്ഥം "ഒരാൾക്കുവേണ്ടി വാങ്ങുക."[4] അത് സൂചിപ്പിക്കുന്നത് "ഓരോ അവസരവും നന്മക്കായി ബുദ്ധിയോടും വിവേകത്തോടും ഉപയോഗിച്ചാൽ, ആ എരിവും ക്ഷേമ-പ്രവർത്തനവും നമ്മുടെ സമയം പണത്തിനായി-വാങ്ങുന്നതു പോലെ ആയിരിക്കും."[5]

അത് **ദുഷ്കാലമാകയാലാണ്** സമയം തക്കത്തിൽ ഉപയോഗിപ്പാൻ നിർദ്ദേശിച്ചിരിക്കുന്നത്. മുമ്പ്, പൗലൊസ് ദുഷ്ടലോകത്തിൽ ജിവിക്കുന്നവർ "ആകശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനും" കീഴിലായിരുന്നു (2:2). ഈ ദുഷ്ടലോകത്തിൽ, ക്രിസ്ത്യാനികളായ നാം ദൈവം നമ്മെ വിളിച്ചതനുസരിച്ച് ജീവിക്കണം. നന്മ ചെയ്വാനുള്ള എല്ലാ അവസരവും നാം ഉപയോഗിക്കണം, "നാം അവന്റെ കൈപ്പണിയായി സൽപ്രവൃക്കികൾക്കായിട്ടു ക്രിസ്തുവേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു" (2:10). സമയം പരിമിതമാണ്. നന്മ ചെയ്യുവാനുള്ള അവസരം വളരെയാണ്, ദുഷ്ടത നിറഞ്ഞിരിക്കുന്നു; ആകയാൽ ക്രിസ്ത്യാനികൾ തങ്ങൾക്ക് ലഭിക്കുന്ന സമയം കഴിയുന്നതും തക്കത്തിൽ ഉപയോഗിക്കണം.

അടുത്തത്, ജ്ഞാനത്തിൽ ശ്രദ്ധയോടെ നടക്കുവാൻ ക്രിസ്ത്യാനികൾക്ക് ദൈവേഷ്ടം മനസിലാകേണ്ടതുണ്ട് (5:17), അവന്റെ ആത്മാവിനാൽ നിറയുകയും വേണം (5:18).

### "ദൈവേഷ്ടം മനസിലാക്കുക" (5:17)

**[17]ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ.**

**വാക്യം 17. കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന്** എഫെസ്യയിലെ ക്രിസ്ത്യാനികൾ **ഗ്രഹിക്കണമായിരുന്നു.** ഈ ദുഷ്ട ലോകത്തിൽ ജീവിക്കുമ്പോൾ, നന്മ ചെയ്യുവാനുള്ള ഓരോ അവസരവും സമയമുള്ളപ്പോൾ ശരിയായി ഉപയോഗിക്കുവാൻ ദൈവം ഒരാളിൽനിന്ന് എന്തു പ്രതീക്ഷിക്കുന്നു എന്ന് അറിയണം. ബുദ്ധിഹീനരാകാതെ ബുദ്ധിയുള്ളവരാകുവാൻ, അയാൾ ദൈവത്തിന്റെ ഉപദേശം അറിയണം. "കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന്" എഫെസ്യർ അറിയുവാനായിരുന്നു പൗലൊസ് അവർക്ക് ലേഖനം എഴുതിയത്. പൗലൊസ് കൊലൊസ്യർക്ക് ലേഖനം എഴുതിയപ്പോൾ, അവർ "ആത്മികമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ട് നിറഞ്ഞുവരേണം" (കൊലൊ. 1:9) എന്ന് അവർക്കു വേണ്ടി പ്രാർത്ഥിച്ചു. എഫെസ്യരും കൊലൊസ്യരും ദൈവത്തിന്റെ സത്യം മനസിലാക്കി അത് ജീവിതത്തിൽ ജ്ഞാനത്തോടെ പ്രയോഗിക്കുവാൻ പൗലൊസ് ആഗ്രഹിച്ചു.

ഇന്ന് തിരുവെഴുത്ത് ശ്രദ്ധയോടെയും ഉൽസാഹത്തോടെയും പഠിച്ച് വേണം ക്രിസ്ത്യാനികൾ കർത്താവ് അവരിൽനിന്നു പ്രതീക്ഷിക്കുന്നത് അറി

യുവാൻ. ജ്ഞാനത്തിൽ ശ്രദ്ധയോടെ നടക്കുവാൻ, എപ്പോഴും വചനം അറിയുകയും, മനസിലാക്കുകയും, ജീവിതത്തിൽ പ്രായോഗികമാക്കുകയും വെണം.

**"ആത്മാവിൽ നിറയുവിൻ" (5:18-21)**

**[18]വീഞ്ഞു കുടിച്ചു മത്തനാകരുത്; അതിനാൽ ദുർന്നടപ്പുണ്ടാകുമല്ലൊ. [19]ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും [20]നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായ്പോഴും എല്ലാറ്റിനും വേണ്ടി സ്തോത്രം ചെയ്തുകൊൾവിൻ. [21]ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ.**

പൗലൊസ് പിന്നീട് "ആത്മാവിൽ നിറയുവിൻ" എന്ന കല്പനയാണ് നൽകിയത്. 5:19–21–ൽ, മൂന്ന് അപൂർണ്ണ ക്രിയകൾ ഉപയോഗിച്ച്കൊണ്ട് അങ്ങനെ ചെയ്താലുള്ള ഫലത്തെ കാണിക്കുന്നു. ക്രിസ്ത്യാനികൾ വിശ്വാസത്തിൽ വളരുമ്പോൾ ദൈവത്തെ പാടി സ്തുതിക്കുകയും, എല്ലാറ്റിനും സ്തോത്രം കരേറ്റുകയും. അന്യോന്യം കീഴ്പ്പെട്ട് സഹോദരപ്രീതി കരുതുകയും ചെയ്യും.

**വാക്യം 18.** ജ്ഞാനത്തിൽ ശ്രദ്ധയോടെ നടക്കുന്നതിൽ **ആത്മാവിൽ നിറയുന്നതും** ഉൾപ്പെടുന്നു. പൗലൊസ് നിഷേധത്തോടെയാണ് തുടങ്ങുന്നത്: **വീഞ്ഞ് കുടിച്ച് മത്തരാകരുത്.** മത്തരാകുന്നത് ബുദ്ധിമാന്മാരുടെ ജീവിതശൈലിയല്ല. ബുദ്ധിശൂന്യരുടേതാണ്. ഇരുട്ടിലുള്ളവർ കുടിച്ചു മത്തരായേക്കാം. വെളിച്ചത്തിലുള്ളവർ സുബോധമുള്ളവരായിരിക്കും (റോമർ 13:12, 13; 1 തെസ്സ. 5:6–8). പൗലൊസ് പറഞ്ഞ മത്തരാകുക എന്നത്, ദുർന്നടപ്പിലേക്ക് (അസോറ്റിയ) നയിക്കുന്നതാണ്. ഈ ഗ്രീക്ക് വാക്ക് ബന്ധപ്പെട്ടിരിക്കുന്നത് (*സോയിസോ*, "രക്ഷിക്കുക," "അഭയം നൽകുക," "സൂക്ഷിക്കുക");[6] എന്നാൽ നിഷേധമായി മുമ്പ് നിർത്തിയിരിക്കുന്നതാണ് *ആൽഫ*. അസോറ്റിയ സൂചിപ്പിക്കുന്നത് "പാഴായ" അല്ലെങ്കിൽ "പരിഗണിക്കാതെ കൈവിടൽ." മത്തരാകുന്നതിൽ ഒരു പ്രയോജനവുമില്ല എന്നാണ് പൗലൊസ് പറഞ്ഞത് "കൈവെടിയൽ, വഷളാക്കുക,"[7] നിയന്ത്രണ-മില്ലാതെ, ജീവിതം പാഴാക്കുകയാണ്. ഒരു വ്യക്തി എന്തിനാൽ നിയന്ത്രിക്കപ്പെടുന്നുവോ, അതായിരിക്കും അവന്റെ മനസിൽ മുൻപന്തിയിൽ ഉള്ളത്. അയാൾ വീഞ്ഞു കുടിക്കുന്നതിലാണ് ശ്രദ്ധിക്കുന്നതെങ്കിൽ, അയാൾ രക്ഷിക്കപ്പെടാത്തവരുടെ ജീവിതമാണ് നയിക്കുന്നത്. അതിൽ നിന്ന് വ്യത്യസ്തമായി "ആത്മാവിൽ നിറവുള്ളവർ" ദൈവ ഭക്തിയോടെ ആയിരിക്കും ജീവിക്കുക.

"നിറയുക" (*പ്ലെരൂ*) നൽകുന്ന ആശയം, "ഒരു വലയിൽ മീൻ നിറയുക (മത്താ. 13:48), ഒരു വീട് സുഗന്ധത്താൽ നിറയുക (യോഹ. 12:3): ഒരു താഴ്വര നികത്തുക" (ലൂക്കൊ 3:5).[8] എന്നിങ്ങനെ ലഭ്യമായ സ്ഥലം മുഴുവൻ എടുക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത് "ആത്മാവിൽ നിറയുവിൻ" എന്നതിനോടുള്ള പ്രതികരണത്തിൽ ശ്രദ്ധയോടെ അല്ലെങ്കിൽ അശ്രദ്ധയോടെ, ബുദ്ധിയോടെ അല്ലെങ്കിൽ ബുദ്ധിയില്ലാതെ ജീവിക്കുന്നതിലെ വ്യത്യാസം വ്യക്തമാക്കുന്നു.

"ആത്മാവിൽ നിറയുവിൻ" എന്നതിൽ നിന്ന് വ്യത്യസ്തമാണ് "വീഞ്ഞ്

കുടിച്ച് മത്തരാകുക" എന്നത്. ഒരു വ്യക്തിയുടെ ചിന്തകളാണ് അയാളുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്നത്, അത് നന്മക്കായാലും തിന്മക്കായാലും. ക്രിസ്ത്യാനി തുടർച്ചയായി "ആത്മാവിൽ നിറയുവാൻ തുറന്ന മനസുള്ളവ രായിരിക്കും." ആത്മാവിന്റെ ഈ പകരൽ സ്വഭാവത്തിൽ നിന്ന് വ്യത്യാസം കാണിക്കുന്നതാണ് സ്നാനം ഏൽക്കുമ്പോൾ ലഭിക്കുന്ന "പരിശുദ്ധാത്മ ദാനം" (പ്രവൃ. 2:38). പരിശുദ്ധാത്മ ദാനം എന്നത് ആത്മാവ് തന്നെയാണ്, വിശ്വാസിയിൽ വസിപ്പാൻ നല്കിയിരിക്കുന്നതും ആണ് (പ്രവൃ. 5:32; 1 കൊ. 6:19). ആ ദാനം എഫേസ്യ ലേഖനത്തിൽ പൗലൊസ് മുമ്പ് പറഞ്ഞതനുസരി ച്ച്, ആന്തരിക മനുഷ്യനെ ആത്മാവിനാൽ ശക്തിപ്പെടുത്തേണ്ടതിനാണ് (3:16). ആത്മാവിന്റെ സഹായത്താൽ ജീവിതം ദൈവ നിയന്ത്രണത്തിലാക്കുവാൻ ആത്മാവ് ക്രിസ്ത്യാനിയെ ആശ്രയത്താലും ആഗ്രഹത്താലും സജീവമാ ക്കുന്നു. മദ്യപാനി ലഹരി പദാർത്ഥത്തിന്റെ നിയന്ത്രണത്തിലാകുമ്പോൾ, ക്രിസ്ത്യാനി തന്റെ ബുദ്ധിക്കും വികാരത്തിനും ആഗ്രഹത്തിനും പകരമായി ദൈവേഷ്ടം സ്വീകരിക്കുന്നു. അപ്പോൾ ദൈവ നിയന്ത്രണത്തിലാകുവാൻ ആത്മാവ് അവനെ സഹായിക്കും.

**വാക്യം 19**. ക്രിസ്ത്യാനിയിൽ ആത്മാവ് നിറയുന്നതിന്റെ ലക്ഷണം അത്ഭു തമോ അടയാളമോ അല്ല, മറിച്ച് അവന്റെ തിരഞ്ഞെടുപ്പുകളാണ്. ആദ്യമായി, "ആത്മാവിൽ നിറവുള്ളവർ" ആരാധിക്കുകയും, പാട്ടു പാടുകയും, വിശുദ്ധന്മാ രുടെ **സഭായോഗങ്ങളിൽ** പങ്കെടുക്കുകയും ചെയ്യും, കാരണം. **അന്യോന്യം സംസാരിക്കുവാൻ** പൗലൊസ് പറഞ്ഞിരിക്കുന്നു. അത് ഒരു രഹസ്യമായ ധ്യാനമല്ല, മററുള്ളവരുമായി ചേർന്ന് ചെയ്യേണ്ടതാണ്.

പാട്ടു പാടുന്നതിൽ **സങ്കീർത്തനങ്ങളും** (*സാൽമൊസ്*) **ഗീതങ്ങളും** (*ഹുംനോസ്*), **ആത്മീക ഗീതങ്ങളും** (*ഒയിഡെ*) ഉൾപ്പെടുന്നു. (ഉപദേശി ക്കുക, ആത്മീക വർദ്ധന വരുത്തുക, അന്യോന്യം പ്രബോധിപ്പിക്കുക എന്നിവയാണ് ഉദ്ദേശം കൊലൊ. 3:16 നോക്കുക, അവിടെ "അന്യോന്യം ഉപദേശിക്കയും" പ്രബോധിപ്പിക്കുകയും ചെയ്യുവിൻ എന്നാണ് പൗലൊസ് പറഞ്ഞത്). "സംസാരിക്കുകയും" "ഉപദേശിക്കുകയും" "പ്രബോധിപ്പി ക്കുകയും" ചെയ്യുന്നത് "സങ്കീർത്തനങ്ങളോട്" കൂടിയാണ്. പഴയ നി യമത്തിൽ പാടുവാൻ എഴുതിയതായിരുന്നു സങ്കീർത്തനങ്ങൾ എന്നായി രിക്കാം പൗലൊസ് ഉദ്ദേശിച്ചത്. സങ്കീർത്തനങ്ങളിൽ പലതും ഇന്ന് സഭ കളിൽ ഗാനങ്ങളായി ഉപയോഗിക്കുന്നുണ്ട്. "ഗീതങ്ങൾ," മതപരമായ പ ദ്യങ്ങൾ സംഗീതമാക്കിയതും ദൈവത്തെക്കുറിച്ചുള്ളതും ദൈവത്തെ സംബോധന ചെയ്യുന്നതും ആണ്. "ആത്മീയ" ഗീതങ്ങൾ (*നെയുമാറ്റിക്കൊസ്*) എന്നു പറയുന്നത് ആത്മീയമായി ഉപദേശിക്കുന്നതും, പ്രോത്സാഹിക്കുന്ന തും, മുന്നറിയിക്കുന്നതും, അനുസരിക്കുവാൻ പ്രേരിപ്പിക്കുന്നതും ആണ്. "സങ്കീർത്തനങ്ങളും" "ഗീതങ്ങളും" "ആത്മീയ ഗീതങ്ങളും" തമ്മിലുള്ള വ്യത്യാസം കൃത്യമായി പറയുക പ്രയാസമാണ്. പൗലൊസ് അവയെ വേറിട്ട് പ റയുമ്പോൾ, പര്യായമായിട്ടായിരിക്കാം പറഞ്ഞത്. ആ മൂന്നു വാക്കുകളും പൊ തുവിൽ സങ്കീർത്തനങ്ങളിലും LXX ഉപയോഗിച്ചിരിക്കുന്നു, കാരണം മതപര മായ ഗാനങ്ങൾ മാറിമാറിയാണ് ഉപയോഗിച്ചിരിക്കുന്നത്.[9] ഒന്നാം-നൂറ്റാണ്ടിലെ യെഹൂദ ചരിത്രകാരൻ ഫ്ളേവിയസ് ജോസഫസ് തന്റെ എഴുത്തുകളിൽ "ഗീതങ്ങളും" "സങ്കീർത്തനങ്ങളും" "ഗാനങ്ങളും" എന്നാണ് പറഞ്ഞിരിക്കുന്ന ത്.[10] ആ വാക്കുകളുടെ നിർവ്വചനങ്ങൾ വ്യത്യസ്തമാണെങ്കിലും, ദൈവത്തെ

ആരാധിക്കുമ്പോൾ പൗലൊസിന്റെ നിർദ്ദേശമനുസരിച്ച് എന്താണ് പാടേണ്ടത് എന്ന കാര്യത്തിൽ നമുക്ക് യോജിക്കുവാൻ കഴിയും.

പാട്ടു പാടുന്നതിന്റെ ഉദ്ദേശം രണ്ടാണ്. ഒന്നാമത്, അത് ഉപദേശിപ്പാനും പ്രബോധിപ്പാനും, *അന്യോന്യം* തുറന്നു സംസാരിക്കുന്നതിനുമാണ്. രണ്ടാമത്, അത് ഉയരത്തിൽ *ദൈവത്തിനു* സ്തോത്രം അർപ്പിക്കുന്നതാണ് (കൊലൊ 3:16). പാട്ട് രൂപപ്പെടുത്തിയിരിക്കുന്നത് "ഉപദേശത്തിനും," അല്ലെങ്കിൽ നിർദ്ദേശത്തിനും,[11] "പ്രബോധനത്തിനും"-അതായത്, "മുന്നറിയിക്കുക, പ്രബോധിപ്പിക്കുക ... പ്രോത്സാഹനം (നൽകുക), (അല്ലെങ്കിൽ) തർജ്ജനം."[12]

**സ്വരമുയർത്തുക** എന്ന വാക്കിന്റെ ഗ്രീക്ക് *സാല്ലൊന്റെസ്*, അത് *സാല്ലൊ* യുടെ ഒരു രൂപമാണ്. അതിന്റെ യഥാർത്ഥ അർത്ഥത്തെക്കുറിച്ച് വലിയ വിവാദങ്ങൾ ഉയർന്നിട്ടുണ്ട്. ഗ്രീക്ക്-ഇംഗ്ലീഷ് ലക്സിക്കൻ പതിനേഴ് നിർവ്വചനങ്ങൾ നൽകിയിരിക്കുന്നു, എം. സി. കുർഫീസ് തീർച്ചയാക്കിയത് *സാല്ലൊ* നൂറ്റാണ്ടുകളായി അഞ്ചു വ്യത്യസ്ത അർത്ഥങ്ങളിലാണ് ഉപയോഗിച്ചിട്ടുള്ളത് എന്നാണ്.

> (1) മുടി പിഴുതെടുക്കുക; (2) വില്ല് മുറുക്കുന്ന ധ്വനി; (3) ആശാരിയുടെ തോത് പിക്കുന്ന ചരടിന്റെ ശബ്ദം; (4) സംഗീതോപകരണത്തിന്റെ കോർഡ് സ്പർശിക്കുക, അതായത് ഉപകരണ സംഗീതം ഉപയോഗിക്കുക; (5) മനുഷ്യ ഹൃദയ കോർഡുകൾ സ്പർശിക്കുക, അതായത്, പുകഴ്ച്ചാ ഗീതങ്ങൾ ആലപിക്കുക.[13]

സാല്ലോ യുടെ ആദ്യത്തെ മൂന്നു ഉപയോഗങ്ങൾ ആരാധനയുമായുള്ള ബന്ധത്തിലുള്ളതല്ല എന്നാണ് കുർഫിസ് പറഞ്ഞത്. പിന്നെ അദ്ദേഹം *പുതിയ നിയമത്തിൽ പാട്ട് പാടി ദൈവത്തെ സ്തുതിക്കുക* എന്നതിന്റെ അർത്ഥം വ്യക്തമാക്കി.[14] സഭാ പിതാക്കന്മാർ (അപ്പൊസ്തലന്മാരുടെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന സഭാദ്ധ്യക്ഷന്മാർ) *സാല്ലോ* ഉപയോഗിച്ച രീതി പരിശോധിച്ചതായി കുർഫിസ് തന്റെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. പൊതുവായതും പ്രത്യേകമായതുമായ കൽപനകളുടെ അടിസ്ഥാനത്തിൽ, ആണ് അത് പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഒന്നാം-നൂറ്റാണ്ടിലെ സഭ പാട്ട് പാടിയിരുന്നതെല്ലാം വാമൊഴിയായിട്ടായിരുന്നു എന്നാണ് അദ്ദേഹം തീർപ്പാക്കിയത്.

പുതിയനിയമത്തിൽ പാട്ട് പാടുവാൻ കൽപിച്ചിരിക്കുന്നതിന് പഴയനിയമത്തിലെ സംഭവങ്ങളുമായോ, സ്വർഗത്തിൽ സംഭവിക്കുവാനിരിക്കുന്നതുമായോ, അല്ലെങ്കിൽ ആളുകൾക്ക് ആകർഷകമായി തോന്നുന്നതുമായോ ഒരു ബന്ധവുമില്ല. അതു പുതിയനിയമകാലത്ത് തന്റെ ജനം ആരാധനയിൽ എങ്ങനെ കൽപിച്ചിരിക്കുന്നു എന്നതുമായി മാത്രം ബന്ധപ്പെട്ടിരിക്കുന്നു. അത് പാട്ട് പാടുക എന്നു മാത്രമാണ്. ഒരാൾ ജ്ഞാനത്തോടെ, ശ്രദ്ധാപൂർവ്വം ജീവിക്കുകയാണെങ്കിൽ, അയാൾ ദൈവം ആവശ്യപ്പെടുന്നത് അങ്ങനെ തന്നെ ചെയ്യും.

**നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന്നു** പാടുവിൻ എന്ന കൽപന മുകളിലേക്ക് ഉയരേണ്ട ആരാധനയുടെ ഭാഗമാണ്, നാം ആരാധന അർപ്പിക്കുന്നത് "കർത്താവിന്" ആണ്. എബ്രായർ 13:15-ൽ, ലേഖകൻ പറയുന്നത്, "അതുകൊണ്ട് അവൻ മുഖാന്തരം നാം ദൈവത്തിന്ന് അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക." ക്രിസ്തുവിൻെറ ശരീരത്തിൽ യോജിച്ചു പ്രയോജനം ചെയ്യുന്ന ഒന്നാണ് ആരാ

ധന, എന്നാൽ സഭായോഗത്തിൽ ഒരോ അംഗവും ആരാധന ദൈവത്തിന് അർപ്പിക്കണം. ഉപയോഗിക്കേണ്ട ഉപകരണം ഹൃദയമാണ്. പ്രബോധനം "പാടുവാൻ" ആണ്, അത് തീർച്ചയായും അധരത്തിൽ നിന്നാണ് വരേണ്ടത്; എന്നാൽ *സാല്ലോ* ഉപയോഗിക്കേണ്ട ഉപകരണം ഹൃദയമാണ്. ഒന്നാം-നൂറ്റാണ്ടിലെ സഭ യാന്ത്രിക ഉപകരണങ്ങൾ ഉപയോഗിച്ച് ആരാധനയിൽ പാടിയിരുന്നതായി തിരുവെഴുത്തിൽ തെളിവൊന്നുമില്ല. നേരേമറിച്ച്, സഭയുടെ ആരാധനയിൽ വാമൊഴിയായി പാടിയിരുന്നു എന്നതിനാണ് എല്ലാ തെളിവുകളും ഉള്ളത്.

ഉപകരണസംഗീതം ആരാധനയിൽ ആകാമെന്നു പറയുന്നവർ ഉന്നയിക്കുന്നത് "അത് ഉപയോഗിക്കരുതെന്ന് ബൈബിൾ പറയുന്നില്ലല്ലോ എന്നാണ്." ദൈവം നമ്മോട് എന്തു ചെയ്യണമെന്നു പറയുമ്പോൾ "അത് ചെയ്യരുത്" എന്ന് ഓരോന്നിനും പറയേണ്ട ആവശ്യമില്ല. അവൻ കല്പിക്കുന്നതും ആവശ്യമായതും, *ഉൾപ്പെടുത്താത്തതും,* അവൻ കല്പിച്ചതിൽ നിന്നും വ്യത്യാസമുള്ളതുമെല്ലാം ബൈബിളിൽ *അടങ്ങിയിരിക്കുന്നു.* ആരാധകർ തങ്ങളുടെ ഹൃദയത്തിൽ "കർത്താവിന് പാടുക." അവിടെ ക്രിസ്തുവും ദൈവത്തിന്റെ നിറവും വസിക്കുന്നു, ആത്മാവിൽ നിറഞ്ഞ് ഹൃദയങ്ങളിൽ സന്തോഷത്തോടെ കർത്താവിന് പുകഴ്ച്ച അർപ്പിക്കുന്നു.

**വാക്യം 20.** "ആത്മാവിൽ നിറയുക" എന്നതിന്റെ രണ്ടാമത്തെ തെളിവാണ് സ്തോത്രം ചെയ്യുക. ചില കാര്യങ്ങൾക്ക് ചിലപ്പോൾ സ്തോത്രം ചെയ്യുവാൻ അല്ല പൗലൊസ് പറഞ്ഞത്, എന്നാൽ **എല്ലാറ്റിനും, എല്ലായിപ്പോഴും സ്തോത്രം** ചെയ്യുവാനാണ്. 1 തെസ്സലൊനിക്യർ 5:18-ൽ, അവൻ എഴുതി, "എല്ലാറ്റിനും സ്തോത്രം ചെയ്യുവിൻ." എല്ലാ നല്ല കാര്യങ്ങൾക്കും ക്രിസ്ത്യാനിക്ക് നന്ദി ചെലുത്തുവാൻ കഴിയും. "തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം എല്ലാം നന്മക്കായി പ്രവൃത്തിക്കുന്നു" എന്നു നാം അറിയുന്നതിനാൽ മോശമായവ സംഭവിച്ചാലും നന്ദി ചെലുത്തുവാൻ നമുക്കു കഴിയും (റോമർ 8:28).

നാം അവൻ മുഖാന്തരം ദൈവത്തോട് അടുക്കുന്നു എന്നറിഞ്ഞുകൊണ്ട്, **കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ** എഫെസ്യർ സ്തോത്രം ചെയ്യണമായിരുന്നു (യോഹ. 14:13; 1 തിമൊ. 2:5; എബ്രാ. 13:15). അവൻ മുഖാന്തരം "ഏകാത്മാവിനാൽ നമുക്കു പിതാവിങ്കലേക്ക് പ്രവേശനമുണ്ട്" (2:18). നമ്മുടെ സ്തോത്രം **പിതാവായ ദൈവത്തിൽ** അർപ്പിക്കണം. യാക്കോബ് പറഞ്ഞു "എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നും വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നും ഇറങ്ങിവരുന്നു" (യാക്കൊ. 1:17).

**വാക്യം 21.** "ആത്മാവിൽ നിറയുക" എന്നതിന്റെ മുന്നാമത്തെ തെളിവാണ് **അന്യോന്യം കീഴ്പ്പെടുക** എന്നത്. ഈ പ്രബോധനം പൗലോസിന്റെ ലേഖനത്തിലെ ഒരുഭാഗം അവസാനിപ്പിക്കുന്നതായും, മറ്റൊരു ഭാഗം ആരംഭിക്കുന്നതായും കാണിക്കുന്നു. ഭവനങ്ങളും അടിമത്വവും ലേഖനത്തിൽ സുദീർഘമായി പരിചയപ്പെടുത്തി അന്യോന്യം കീഴ്പ്പെടുന്ന ആശയത്തെ ആണ് അപ്പൊസ്തലൻ വ്യക്തമാക്കുന്നത് എഫെസ്യയിലെ ക്രിസ്ത്യാനികൾ ഐക്യതയിലായിരിപ്പാൻ പൗലൊസ് ആഗ്രഹിച്ചു. അതിന് അവർ ദൈവത്തിന് കീഴ്പ്പെടുകയും, താഴ്മയും ക്ഷമയും, സഹിഷ്ണുതയും അന്യോന്യമുള്ള സ്നേഹവും പ്രകടിപ്പിക്കണം (4:2, 3). കൂടാതെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതും തെറ്റായ വാക്കുകൾ സഭയുടെ ഐക്യതയെ തടസപ്പെടുത്തുന്ന പ്രവൃത്തികളും ഉപേക്ഷിക്കണം (4:25-32). യോജിച്ച ജീവിതത്തിന് അവർ അന്യേ

ാന്യം കീഴപ്പെട്ടിരിക്കണമായിരുന്നു.

"കീഴ്പ്പെടുക" (*ഹൂപൊറ്റാസൊ*) യോജിപ്പിച്ചിരിക്കുന്നത് "കീഴിൽ" (*ഹൂപൊ*) എന്നും "കല്പിക്കുക" (*റ്റാസൊ*) എന്നുമാണ്.[15] *റ്റാസോ* ഉപയോഗിച്ചിരിക്കുന്നത് ക്ലാസിക്കൽ ഗ്രീക്കിൽ കപ്പലിലോ മറ്റൊ സൈനിക മേധാവിയുടെ കല്പനയെയാണ് കാണിക്കുന്നത്; ഒരു വ്യക്തി മറ്റൊരാൾക്ക് കീഴ്പ്പെടുന്നതും അതിൽ ഉൾപ്പെടുന്നു. ഈ വാക്യത്തിൽ ആ ക്രിയയുടെ അർത്ഥം "ഒരാൾ അനുസരിക്കുവാൻ കീഴ്പ്പെടുന്നതാണ്."[16] പൗലൊസിന്റെ എഴുത്തുകളിൽ കീഴ്പ്പെടൽ ആശയം ഉപയോഗിച്ചിരിക്കുന്ന മറ്റൊരു ഭാഗം "*ഒരു പ്രത്യേക സംഘത്തിന്റെ*-സ്ത്രീകളുടെ *മനോഭാവത്തെയും (*1 കൊ. 14:34; കൊലൊ. 3:18; 1 തിമൊ. 2:11; തീത്തൊ. 2:5), കുട്ടികളുടേയും (1 തിമൊ. 3:4), അടിമകളുടെയും (തിത്തൊ. 2:9)-അല്ലെങ്കിൽ *വിശ്വാസികൾക്ക് ഗവൺമന്റിനോടുള്ള മനോഭാവത്തേയും* കാണിക്കുന്നു (റോമർ 13:1, 5; തിത്തൊ. 3:1)"[17] (എംഫസിസ് ആഡഡ്).

**കർത്താവിന്റെ ഭയത്തിൽ** എന്നു പറയുന്നത് ക്രിസ്തുവിനെ ആദരിക്കയും ബഹുമാനിക്കയും ചെയ്യുന്നവർ മറ്റുള്ളവരേയും ആദരിക്കയും ബഹുമാനിക്കയും ചെയ്യും. എൻഐവി പറയുന്നു, "ക്രിസ്തുവിനോടുള്ള ഭക്തിയിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ," എന്നാൽ കെജെവി പറയുന്നത് "ദൈവഭയത്തിൽ" എന്നാണ്. താഴ്മ മനോഭാവം കാണിക്കുന്നതും തന്നെക്കാൾ മറ്റുള്ളവർ പ്രാധാന്യമുള്ളവരാണെന്ന് കാണിക്കുന്നതുമാണ് ക്രിസ്തുവിന്റെ മാതൃക (ഫിലി. 2:3-8).

പൊതുവായ നിയമം പൗലൊസ് 5:21-ൽ പറഞ്ഞ ശേഷം, ഭാര്യമാർക്കും ഭർത്താക്കന്മാർക്കും, യജമാനന്മാർക്കും ദാസന്മാർക്കും പ്രത്യേക പ്രായോഗികത 5:22-6:9-ൽ നൽകിയിരിക്കുന്നു.

## ഭാര്യമാരും ഭർത്താക്കന്മാരും ബന്ധങ്ങളെ ആദരിക്കൽ (5:22-33)

കൊലൊസ്സ്യർ 3-ൽ അവൻ ചെയ്തതുപോലെ, എഫെസ്യർ 5 ലും, സഭയിൽ ഭാര്യമാരും ഭർത്താക്കന്മാരും തമ്മിലുള്ള ബന്ധങ്ങളെ പൗലൊസ് പറഞ്ഞിരിക്കുന്നു. ഇവിടെ അവൻ ഭാര്യമാരോട് പറഞ്ഞു തുടങ്ങി അവസാനിപ്പിക്കുമ്പോൾ, കൂടുതൽ നിർദ്ദേശങ്ങളും ഭർത്താക്കന്മാർക്കാണ് നൽകിയത്. ഈ ഊന്നൽ 1 പത്രൊസ് 3:1-7-ൽ തിരിച്ചാണ് കൊടുത്തിരിക്കുന്നത്.

### ഭാര്യമാർ: "കീഴടങ്ങിയിരിപ്പിൻ" (5:22-24).

**22ഭാര്യമാരേ, കർത്താവിന്നു എന്നപോലെ സ്വന്ത ഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ. 23ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭെക്കു തലയാകുന്നതു പോലെ ഭർത്താവു ഭാര്യക്കു തലയാകുന്നു. 24എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കേണം.**

**വാക്യം 22. ഭാര്യമാരോട്** [തങ്ങളുടെ] **ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പാനാണ്** പറഞ്ഞിരിക്കുന്നത്. ഒറ്റ ക്രിയാ (രൂപം, *ഹൂപോറ്റാസോ*) വാക്യം

21-ൽ പങ്കിട്ടിരിക്കുന്നു, ക്രിസ്ത്യാനി അന്യോന്യം കീഴടങ്ങിയിരിക്കുന്നതുമായുള്ള സന്ദർഭത്തിൽ, വാക്യം 22-ൽ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പാനാണ് ഭാര്യമാരോട് പറഞ്ഞിരിക്കുന്നത്, ആ ആശയം അതിൽ അന്തർലീനമായിരിക്കുന്നതിനാൽ, മൂലഗ്രന്ഥത്തിൽ ഇല്ലെങ്കിലും തർജിമക്കാർ കൂട്ടിച്ചേർത്തതാണ് വാക്യം 22 ലെ ആ ക്രിയ. അക്ഷരികമായി, പൗലൊസ് പറഞ്ഞു,"അന്യോന്യം കീഴടങ്ങിയിരിപ്പിൻ ... ഭാര്യമാരേ നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പിൻ." പിന്നീട് വാക്യം 24-ൽ ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കണമെന്ന് വ്യക്തമായി പറഞ്ഞു.

ഭാര്യമാർക്ക് കൊടുത്ത ആ കൽപനയിൽ കീഴ്പ്പെടലും അനുസരണവും (1 പത്രൊ. 3:1, 6 നോക്കുക) ബഹുമാനവും അടങ്ങിയിരിക്കുന്നു (എഫെ. 5:33). സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെയാണ് ഭാര്യ ഭർത്താവിന് കീഴടങ്ങിയിരിക്കേണ്ടത് (5:24). പൗലൊസ് ഉപദേശിച്ചത് ഒന്നാം-നൂറ്റാണ്ടിലെ എഫെസ്യയിലുള്ളവരുടെ സംസ്ക്കാരമനുസരിച്ച് ശക്തമായി മനസിലായിരുന്നു. പൊതുവായ അർത്ഥത്തിൽ, ഭാര്യമാരും ഭർത്താക്കന്മാരും അന്യോന്യം കീഴടങ്ങിയിരിക്കണം; എന്നാൽ പ്രത്യേകമായ അർത്ഥത്തിൽ, ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് "കീഴടങ്ങിയിരിക്കണം."

**കർത്താവിന്ന് എന്നവണ്ണം** എന്നു പറയുന്നതിന്റെ അർത്ഥം, "അതുപോലെ"[18] (*ഹോസ്*) അവർ യേശുവിന്നു കീഴ്പ്പെട്ടിരിക്കുന്നതുപോലെ, ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിരിക്കണം എന്നാണ്. ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരെ അനുസരിക്കുമ്പോൾ, അവർ ക്രിസ്തുവിനെ അനുസരിക്കുകയാണ്. അതേ ആശയം കൊലൊസ്സ്യർ 3:18 ലും കാണാം, പൗലൊസ് അവിടെ എഴുതി, "ഭാര്യമാരേ, കർത്താവിന്നു ഉചിതമാം വണ്ണം നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പിൻ."

ഭാര്യമാർ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കണം എന്നു പറയുമ്പോൾ ഭർത്താക്കന്മാർക്ക് കൂടുതൽ വിലയുള്ളതുകൊണ്ടല്ല (ഭർത്താക്കന്മാർക്ക് ഭാര്യമാരേക്കാൾ വിലയില്ല). ദൈവമുൻപിൽ നിൽക്കുമ്പോൾ (പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യ വിലയാണുള്ളത്; ഗലാ. 3:28). കീഴ്പ്പെടൽ അർത്ഥമാക്കുന്നത് വ്യത്യസ്ത പങ്കുകളാണ് ഭർത്താക്കന്മാർക്കും ഭാര്യമാർക്കും ദൈവം നൽകിയിരിക്കുന്നത് എന്നാണ്. ഭാര്യമാർ ഭർത്താക്കന്മാർക്കും കർത്താവിന്നും കീഴ്പ്പെട്ടിരിക്കണം.

**വാക്യം 23**. അടുത്തത്, ഭാര്യമാർ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പാൻ പറഞ്ഞതിന്റെ കാരണം പൗലൊസ് വ്യക്തമാക്കി. ഇംഗ്ലീഷിൽ "കാരണം"[19] എന്ന വാക്കിനു തുല്യമായ *ഹോടി* എന്ന സംയോജനം തർജിമ ചെയ്തതാണ് "ഫോർ" എന്ന വാക്ക്. പൗലൊസ് പറഞ്ഞു, **സഭയുടെ തല ക്രിസ്തു ആയിരിക്കുന്നതുപോലെ, ഭർത്താവ് ഭാര്യക്ക് തലയാകുന്നു**. ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധം സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധം പോലെയാണെന്ന ഉപമയാണ് പൗലൊസ് പറഞ്ഞത്. സഭ ക്രിസ്തുവിന്റെ മണവാട്ടിയാണ്. കുടുംബത്തിലെ ഭർത്താവിന്റെ പങ്ക് സഭയിൽ ക്രിസ്തുവിന്റെ പങ്ക് പോലെയാണ്. നൽകപ്പെട്ട പങ്ക് "തല" ആണ്, തർജിമ ചെയ്തിരിക്കുന്നത് *കെഫലേ* എന്നാണ്, അർത്ഥം, "നായകൻ അല്ലെങ്കിൽ ഭരിക്കുന്നവൻ" എന്നാണ്.[20] മുൻപ് ആ വാക്ക് ക്രിസ്തു "ശരീരമാകുന്ന" സഭയുടെ തലയാകുന്നു എന്നതിന് ഉപയോഗിച്ചു (1:23). നായകനും ഭരിക്കുന്നവനുമാണ് ക്രിസ്തു എന്നു പറയുമ്പോൾ അത് അവന്റെ അധികാരത്തെയാണ് സൂചിപ്പിക്കുന്നത്

എന്ന കാര്യത്തിൽ തർക്കമില്ല (മത്താ. 28:18 നോക്കുക). അതുപോലെ, ഭർത്താവിന് കുടുംബത്തെ നയിക്കുകയും ഭരിക്കുകയും എന്ന ചുമതലയാണുള്ളത്. സഭയിലെ മാതൃക തന്നെയാണ് കുടുംബത്തിൽ ദൈവത്തിന്റെ മാതൃക. ഇതു പറയുമ്പോൾ, എല്ലാം തന്റെ നിയന്ത്രണത്തിലാണെന്നല്ല, മറിച്ച് നയിക്കുക എന്നതാണ്. പിന്നീട് പറയുന്ന വാക്യങ്ങളിൽ, പൗലൊസ് ഭർത്താക്കന്മാർക്ക് നൽകിയ നിർദ്ദേശങ്ങൾ വായിച്ചാൽ ആ വസ്തുത മനസിലാകും.

**അവൻ ശരീരത്തിന്റെ രക്ഷിതാവാണെന്ന്** പറഞ്ഞിരിക്കുന്നത് ക്രിസ്തുവിനെ ഉദ്ദേശിച്ചാണ്. ഭർത്താക്കന്മാർ ഭാര്യമാരുടെ രക്ഷിതാവാണെന്ന് പൗലൊസ് പറഞ്ഞില്ല, അവരെ ക്രിസ്തുവിലേക്ക് നയിക്കുക എന്ന അർത്ഥത്തിൽ ശരിയായിരിക്കാം. ആ വാക്കുകളാൽ പൗലൊസ് വിവരിച്ചത് സഭയുടെ തലയായ ക്രിസ്തുവിനെ കുറിച്ചാണ്.

എഫെസ്യർ ഒരിക്കൽ രക്ഷിക്കപ്പെടാത്ത അവസ്ഥയിലായിരുന്നു ജീവിച്ചിരുന്നത് (2:1–3). അവരുടെ പാപം നിമിത്തം അവർ ദൈവത്തിൽനിന്നും അകന്നായിരുന്നു കഴിഞ്ഞത്. ദൈവം തന്റെ കൃപയാൽ ക്രിസ്തു മുഖാന്തരം അവരെ രക്ഷിച്ച് നിരപ്പിക്കുവാൻ മനസ് കാണിച്ചു (2:4–22). "ഏകശരീരത്തിൽ" അവൻ അവരെ ദൈവത്തോട് നിരപ്പിച്ചു (2:16), അതായത്, സഭയിൽ (1:22, 23). അതുകൊണ്ട്, അവർ രക്ഷിക്കപ്പെടുകയും ക്രിസ്തുവിന്റെ ശരീരത്തോട് നിരപ്പിലാകുകയും ചെയ്തു. ആ അർത്ഥത്തിലാണ് "ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവ്" എന്നു പൗലൊസ് പറഞ്ഞത്. *എസ്റ്റിൻ* എന്ന ക്രിയ തർജിമ ചെയ്തിരിക്കുന്നത്, "ബീയിങ്ങ്" സൂചിപ്പിക്കുന്നത് വർത്തമാന കാലത്തിൽ സംഭവിക്കുന്നു എന്നാണ്. അത് ഉറപ്പു വരുത്തുന്നതെന്തെന്നാൽ സഭയെ നിത്യതയിൽ രക്ഷിക്കുന്നതുകൂടാതെ, ഇപ്പോൾ രക്ഷിക്കപ്പെടുന്നവരെയും അവൻ രക്ഷിച്ച് സഭയോട് ചേർത്തുകൊണ്ടിരിക്കുന്നു എന്നാണ്.

**വാക്യം 24**. പൗലൊസ് തന്റെ ഉപമയിലേക്ക് മടങ്ങി വന്നു. ഒരു വ്യാഖ്യാതാവ് എഴുതി,

> സഭ ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കണമെന്ന എഴുത്തുകാരന്റെ ചിന്തയെ കുറിച്ച് ആരെങ്കിലും ചോദിച്ചാൽ, ഒരാൾ ലേഖനത്തിന്റെ ശേഷിച്ച ഭാഗത്ത് ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ കുറിച്ച് എഴുത്തുകാരൻ വിവരിച്ചിരിക്കുന്നത് നോക്കണം. സഭക്ക് വേണ്ടി അതിന്റേയും മറ്റെല്ലാറ്റിന്റേയും തലയായി ദൈവം ക്രിസ്തുവിനെ നൽകിയിരിക്കുന്നത് ദാനമായിട്ടാണ് (1:22). 2:20, 21 ലെ പണിയുന്ന ഭാവനയിൽ, നിർമ്മാണത്തിന് എല്ലാറ്റിനേയും യോജിപ്പിച്ചു നിർത്തുന്ന [മൂല]ക്കല്ലായിരിക്കുന്ന ക്രിസ്തുവിനെയാണ് സഭ നോക്കുന്നത്. അവൻ അവിടെ സ്ഥിരമായി സന്നിഹിതനാകുന്നു (3:17), എല്ലാറ്റിനേയും-കവിയുന്ന അവന്റെ സ്നേഹത്തെയും അറിയുവാൻ കഴിയുന്നു (3:19). സഭ അവന്റെ കൃപാദാനത്തെ സ്വീകരിക്കുകയും (4:7) അതിന്റെ പണിക്കായി അവൻ ശുശ്രൂഷകന്മാരെ ദാനമായി നൽകുകയും ചെയ്യുന്നു (4:11, 12). അത് തലയാകുന്ന ക്രിസ്തുവിനോളം (4:15, 16) അവനെ കുറിച്ചുള്ള ഉപദേശം അടക്കം (4:20, 21), വളരുവാൻ ആവശ്യമായതെല്ലാം അവനിൽനിന്നു നാം സ്വീകരിക്കുന്നു. സഭ ക്രിസ്തുവിന്റെ സ്നേഹത്തെ അനുകരിക്കുകയും (5:2), അവന് പ്രസാദമായതെന്തെന്ന് പരിശോധിക്കുകയും (5:10), അവന്റെ ഇഷ്ടം മനസിലാക്കുകയും ചെയ്യും (5:17). സഭ അവനെ പാടി പുകഴ്ത്തുകയും (5:19),

അവനെ ഭയപ്പെടുകയും ചെയ്യുന്നു (5:21). അതിന്റെ പ്രയോജനത്തിനായി, തലയിലേക്ക് നോക്കുക എന്നതാണ് കീഴ്പ്പെടൽ. അവന്റെ നിബന്ധനകളനുസരിച്ച് ജീവിച്ച്, അവന്റെ സ്നേഹവും സാന്നിധ്യവും അനുഭവിച്ച് വളർച്ചക്ക് ആവശ്യമായ ദാനങ്ങൾ അവനിൽനിന്നു സ്വീകരിച്ച് പക്വതയാർജിക്കുകയും, പകരം നാം അവനോട് നന്ദിയും സ്നേഹവും പ്രകടിപ്പിക്കണം. അത്തരം മനോഭാവമാണ് ഒരു ഭാര്യ പ്രോൽസാഹിക്കപ്പെട്ട് ഭർത്താവിനോടുള്ള ബന്ധം വളർത്തിയെടുക്കേണ്ടത്.[21]

**സഭ ക്രിസ്തുവിന്നു കീഴടങ്ങിയിരിക്കുന്നതുപോലെ, ഭാര്യമാർ സകലത്തിലും തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കണം** എന്നാണ് പൗലൊസ് പറഞ്ഞത്. ഭാര്യമാരുടെ കീഴ്പ്പെടലിൽ ആർക്കും ഒഴികഴിവ് നൽകുന്നില്ല, അല്ലെങ്കിൽ ഒരു പരിധിയും നിശ്ചയിച്ചിട്ടില്ല, അതായത് ക്രിസ്തുവിനെ അനുസരിക്കുവാൻ ആവശ്യപ്പെടുന്നതുപോലെ തന്നെ ആയിരിക്കണം എന്നർത്ഥം. ഭർത്താക്കന്മാർ ക്രിസ്തുവിനെയായിരിക്കണം മാതൃകയാക്കേണ്ടത്. അവരുടെ ഭാര്യമാരും ക്രിസ്തുവിനു പ്രസാദകരമായിരിക്കുന്നതെന്തെന്ന് ചോദിക്കണം, കാരണം അതാണ് അവർക്ക് പ്രയോജനമുള്ളത്. മനുഷ്യരുടെ പോരായ്മകൾ നിമിത്തമാണ് ബന്ധങ്ങൾ ഉലയുന്നതും ദൈവം ആഗ്രഹിച്ച നിലയിലേക്ക് അവർ ഉയരാതിരിക്കുന്നതും. എങ്ങനെയായാലും, ഭാര്യമാരും ഭർത്താക്കന്മാരും അന്യോന്യം പ്രതികരിക്കേണ്ടത്, നിസ്വാർത്ഥമായും സ്നേഹത്തോടുമായിരിക്കണം. ആ ലക്ഷ്യം കൈവരിക്കുവാൻ സഹായിക്കുന്നവയാണ് താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ.

### ഭർത്താക്കന്മാർ: "സ്നേഹിപ്പിൻ" (5:25-33)

**25ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. 26അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്നും 27കറ ചുളുക്കം മുതലായത് ഒന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്ക്കളങ്കയുമായി തനിക്കു തന്നെ തേജസോടെ മുന്നിറുത്തേണ്ടതിന്നും തന്നെത്താൻ അവൾക്ക് വേണ്ടി ഏൽപിച്ചു കൊടുത്തു. 28അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ സ്വന്ത ശരീരങ്ങളെ പോലെ ഭാര്യമാരെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. 29ആരും തന്റെ ജഡത്തെ ഒരുനാളും പകെച്ചിട്ടില്ലല്ലൊ; ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റി പുലർത്തുകയത്രേ ചെയ്യുന്നത്. 30നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലൊ. 31അതു നിമിത്തം ഒരു മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ട് ഭാര്യയോട് പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായി തീരും. 32ഈ മർമ്മം വലിയത്; ഞാൻ ക്രിസ്തുവിനേയും സഭയേയും ഉദ്ദേശിച്ചത്രേ പറയുന്നത്. 33എന്നാൽ നിങ്ങളും അങ്ങനെ തന്നെ ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപോലെ തന്നെ സ്നേഹിക്കണം. ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു.**

**വാക്യം 25.** അവന്റെ ശ്രദ്ധ ഭാര്യമാരിൽനിന്ന് ഭർത്താക്കന്മാരിലേക്ക് തിരിയുന്നു. പൗലൊസ് എഴുതി, **ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേ**

**ഹിപ്പിൻ**. വാക്യം 25 മുതൽ 32 വരെ ഭർത്താക്കന്മാർക്ക് ഭാര്യമാരോടുള്ള ഉത്തരവാദിത്തങ്ങളെ കുറിച്ചു പറഞ്ഞിരിക്കുന്നതിനോട് യോജിക്കുന്നതാണ് ഭാര്യമാരോട് തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പാൻ പറഞ്ഞിരിക്കുന്നത്. ഈ ഭാഗം രണ്ടായി തിരിച്ചിരിക്കുന്നു ആദ്യത്തെ ഭാഗം ഭർത്താക്കന്മാർ ഭാര്യയെ സ്നേഹിക്കുന്നതിനെ കുറിച്ചുള്ളതാണ്. ക്രിസ്തു സഭയെ എങ്ങനെ സ്നേഹിച്ചു എന്നു കാണിച്ചുകൊണ്ടാണ് അത് എങ്ങനെ ചെയ്യണം എന്നു നിർദ്ദേശിച്ചത് (5:25-27). രണ്ടാമത്തെ ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഭർത്താക്കന്മാർക്ക് അവരുടെ ഭാര്യമാരോടുള്ള സ്നേഹത്തെ കുറിച്ച് വിവരിക്കുന്നതാണ്. ഭർത്താക്കന്മാർ തങ്ങളുടെ ശരീരത്തോട് എങ്ങനെ പെരുമാറുന്നുവോ അതേപോലെ, അവരുടെ ഭാര്യമാരോട് പെരുമാറണം എന്നാണ് പൗലൊസ് പറഞ്ഞത്, അതായത് ക്രിസ്തു സഭയെ കരുതുന്നതുപോലെ (5:28-32).

ഈ ലേഖനത്തിൽ സ്നേഹം ഒരു പുതിയ ആശയമല്ല. മുൻപ് പൗലൊസ് ദൈവസ്നേഹത്തെയും (2:4), ക്രിസ്തുവിന്റെ സ്നേഹത്തെയും കുറിച്ച് പറഞ്ഞു (3:19; 5:22). പിന്നീട്, അവൻ വീണ്ടും, എഫെസ്യരുടെ സ്നേഹവും, ദൈവത്തിന്റേയും ക്രിസ്തുവിന്റേയും സ്നേഹത്തെ കുറിച്ച് പറഞ്ഞു (6:23, 24). നാം പരിഗണിക്കുന്ന വേദഭാഗത്ത്, ക്രിസ്തു സഭയെ സ്നേഹിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കണമെന്നാണ്.

"ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ" എന്ന ആജ്ഞ പ്രേമാർദ്രമായ സ്നേഹം അല്ലെങ്കിൽ വൈകാരികമായ സ്നേഹം എന്ന് തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. എങ്ങനെയായാലും, പൗലൊസ് ഈ ഭാഗത്ത് മുഴുവൻ ഉപയോഗിച്ച ഗ്രീക്ക് വാക്ക് അർത്ഥം വ്യക്തമാക്കുന്നു (*അഗാപാവോ*, "സ്നേഹം, സൗമനസ്യം") (5:1, 2 നോക്കുക). അവരുടെ നന്മയെ കരുതുന്നതിന്റെ ഫലമായിട്ടാണ് ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുന്നത്. ആ സ്നേഹം വേദനിപ്പിക്കാതെ, സഹായിക്കുന്ന അല്ലെങ്കിൽ, ഇടിച്ചുകളയാതെ പണിയുന്ന, നിരുൽസാഹപ്പെടുത്താതെ ഉൽസാഹിപ്പിക്കുന്നതാണ്.

**വാക്യം 25**. ക്രിസ്തു സഭയെ സ്നേഹിച്ച മാതൃകയാണ ഭർത്താക്കന്മാർ ഭാര്യമാരെ സ്നേഹിക്കേണ്ട മാതൃക: **ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്ക് വേണ്ടി ഏൽപിച്ചുകൊടുത്തതുപോലെ**. ഭർത്താക്കന്മാർ ഭാര്യമാരെ സ്നേഹിക്കുന്ന തീരുമാനത്തിലെത്തുക മാത്രമല്ല, അത് ഒരു സ്വയ-ത്യാഗം കൂടെയാണ്. ലോകത്തിന്റെ മുഴുവൻ പാപങ്ങൾക്ക് വേണ്ടി തന്നെത്താൻ ഏൽപിച്ചുകൊടുത്തപ്പോൾ, അവൻ തന്റെ രക്തം കൊടുത്താണ് സഭയെ സമ്പാദിച്ചത് (പ്രവൃ. 20:28). ലോകം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ കീഴടങ്ങൽ പ്രവൃത്തിയായിരുന്നു അവന്റെ ത്യാഗപൂർണ്ണമായ മരണം. സഭ നിലവിൽ വരുവാനും, അതിന്റെ പോഷണത്തിനും, വളർച്ചക്കും, അവസാനം അതിനെ സ്വർഗത്തിലെത്തിക്കുവാനും "അവൻ തന്നെത്താൻ അവൾക്ക് വേണ്ടി ഏൽപിച്ചുകൊടുത്തു." ആ സാദൃശം, സഭയെ ക്രിസ്തുവിന്റെ മണവാട്ടിയായി വിവരിച്ചിരിക്കുന്നതും, തന്റെ മണവാട്ടിയുടെ ക്ഷേമത്തിനായി-നൽകുവാൻ കഴിയാത്തതായി ഒന്നുമില്ലായിരുന്നു. അതുപോലെ ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാർക്ക് തങ്ങളെത്തന്നെ ഏൽപിച്ചു കൊടുക്കണം. കുടുംബത്തിനു ദൈവത്തിന്റെ പദ്ധതി നിറവേറ്റുവാൻ ഭർത്താക്കന്മാർക്കും ഭാര്യമാർക്കും തമ്മിൽ ബഹുമാനം അനിവാര്യമാണ്. ഭർത്താക്ക

ന്മാരിൽനിന്നു "സ്നേഹം പൂർണ്ണമായി ലഭിക്കുവാൻ പൂർണ്ണമായ കീഴടങ്ങൽ ഭാര്യമാർക്ക് ആവശ്യമാണ്."[22] വാക്യം 25 നെ കുറിച്ച് കെന്നെത്ത് എസ്. വൂവെസ്റ്റ് ഒരു സുപ്രധാന കുറിപ്പ് നൽകിയിരിക്കുന്നു:

> ഭർത്താവിന് തന്റെ ഭാര്യയോട് മറ്റു മൂന്നു വിധത്തിലുള്ള സ്നേഹമാണുള്ളത്, വികാരപരമായ സ്നേഹം (*എറോസ്*), ആത്മസംതൃപ്തിക്കായി അല്ലെങ്കിൽ തൃപ്തിക്കുയുള്ള സ്നേഹം (*സ്റ്റെർഗോ*), ഇഷ്ടം അല്ലെങ്കിൽ പ്രതിപത്തിതോന്നുന്ന സ്നേഹം (*ഫിലെയോ*) എന്നിവയാണ്.[23]

**വാക്യം 26**. വാക്യം 26, 27-ൽ ക്രിസ്തു എന്തുകൊണ്ടാണ് ത്യാഗപൂർണ്ണമായ സ്നേഹം സഭയോട് കാണിച്ചതെന്നതിനു മൂന്നു കാരണങ്ങൾ വ്യക്തമാക്കിയിരിക്കുന്നു. ഓരോ കാരണവും തുടങ്ങുന്നത് *ഹിനാ* യോടുകൂടെയാണ്, അർത്ഥം, "കാരണം" എന്നാണ്.

ഒന്ന്, ക്രിസ്തു തന്നെത്താൻ സഭക്ക് വേണ്ടി നൽകിയതിന്റെ കാരണം, **അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനായിരുന്നു**. ("വിശുദ്ധീകരിക്കുക"[*ഹാഗിയോസ്*]), "വിശുദ്ധി" എന്നതിന്റെ ക്രിയാരൂപമാണ്, അർത്ഥം, "വിശുദ്ധ ഉപയോഗത്തിന് വേർതിരിക്കുക."[24] *കോയിനോസ്* എന്ന ഗ്രീക്ക് വാക്കിൽനിന്നു വ്യത്യസ്തമാണ് ഈ വാക്ക്, ആ വാക്കിന്റെ അർത്ഥം "മലിനപ്പെട്ട, പൊതുവായ, അശുദ്ധമായ"[25] എന്നാണ്, അതല്ല ഇവിടെ ഉപയോഗിച്ചത്. വിശുദ്ധീകരിക്കപ്പെടുവാൻ ഒരാൾ അശുദ്ധമായതിൽനിന്നു വേർപെട്ടിരിക്കണം-അതായത്, ലോകം-ദൈവത്തിന്റെ വിശുദ്ധമായ ഉദ്ദേശത്തിനായി വേർപെട്ടിരിക്കണം. ക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ട ആത്മാക്കളുള്ളവരായി വേർതിരിക്കപ്പെട്ടവരാണ് സഭ (1 പത്രൊ. 1:22). "ഇരുട്ടിൽനിന്നും തന്റെ അത്ഭുതപ്രകാശത്തിലേക്ക് വിളിച്ചു വേർതിരിക്കപ്പെട്ട. ദൈവത്തിന്റെ സ്വന്തജനമാണ്" അവർ (1 പത്രൊ. 2:9). ലോകത്തിൽനിന്നു വിളിച്ച് ദൈവത്തിന്റെ ഉദ്ദേശത്തിനായി വിളിച്ചവരാണ് സഭ. ദൈവജനത്തിന്റെ വിശുദ്ധിക്ക് ഊന്നൽ കൊടുത്തുകൊണ്ടാണ് ഈ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്. ക്രിസ്ത്യാനികളെ പൗലൊസ്, "വിശുദ്ധന്മാർ," "വിശുദ്ധർ" എന്നാണ് വിളിച്ചിരിക്കുന്നത് (1:1, 4, 15, 18; 2:19; 3:18; 4:12; 5:3). "വിശുദ്ധന്മാർ" എന്ന് തർജ്ജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് *ഹാഗിയോസ്,* (ഈ പുസ്തകത്തിലെ "കൂടുതൽ പഠനത്തിന്: സഭയുടെ വിശൂദ്ധീകരണം [5:26]" നോക്കുക).

"വചനത്തോടുകൂടി" എന്നത് തർജ്ജിമ ചെയ്തിരിക്കുന്നത് എൻ റെമാറ്റി എന്ന വാക്കാണ്, അക്ഷരികമായ "വചനത്തിൽ" എന്നാണ്. ("ദ" എന്നത് തർജ്ജിമക്കാർ കൂട്ടിച്ചേർത്തതാണ്.) "വചനത്തോടുകൂടി" വെള്ളത്തിൽ സ്നാനം ഏൽക്കുമ്പോഴാണ് സഭ ശുദ്ധീകരിക്കപ്പെടുന്നത്. "വചനം" എന്നു പറയുന്നത് ആളുകളോട് പ്രസംഗിക്കുന്ന സുവിശേഷ വചനമാണ്, അത് കേട്ട് വിശ്വസിച്ച് സ്നാനം ഏൽക്കുമ്പോഴാണ് ആളുകൾ ശുദ്ധീകരിക്കപ്പെടുന്നത്. ഉദാഹരണമായി, "ക്രിസ്തുവിന്റെ അധികാരത്തിൽ, ഞാൻ നിന്നെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പാപങ്ങളുടെ മോചനത്തിനായി സ്നാനം കഴിപ്പിക്കുന്നു. എന്നാൽ പിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (മത്താ. 28:18, 19; പ്രവൃ. 2:38), ഒരുപക്ഷെ സ്നാനത്തോടുകൂടി രക്ഷയും വാഗ്ദാനം ചെയ്തിരിക്കുന്നതായി പറയാം (മർ. 16:16). 6:17-ൽ

"വചനം" എന്നു പറഞ്ഞിരിക്കുന്നത് "ദൈവവചനമാണ്," അത് "ആത്മാവിന്റെ വാളാണ്." (റോമ. 10:8, 17; എബ്രാ. 6:5; 1 പത്രൊ. 1:25). അവന്റെ വചനത്തിന് വിശുദ്ധീകരിപ്പാനുള്ള ശക്തിയുണ്ട് (യോഹ. 15:3; 17:17), അതുകൊണ്ട് ക്രിസ്തു സ്നാനപ്പെടുന്നവരെ വചനത്താൽ ശുദ്ധീകരിക്കുന്ന അവസ്ഥയെയാണ് സഭയുടെ ശുദ്ധീകരണമായി പറഞ്ഞിരിക്കുന്നത്. അതിൽ വെള്ളവും വചനവും അടങ്ങിയിരിക്കുന്നു.

**വാക്യം 27.** *ഹിനാ* യുടെ രണ്ടാമത്തെ ഉപയോഗവും ക്രിസ്തു തന്നെത്താൻ സഭക്ക് വേണ്ടി ഏൽപിച്ചുകൊടുത്തതിന്റെ രണ്ടാമത്ത കാരണവും വാക്യം 27-ൽ കാണാം: **കറ ചുളുക്കം മുതലായത് ഒന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്ക്കളങ്കയുമായി തനിക്കു തന്നെ തേജസോടെ മുന്നിറുത്തേണ്ടതിന്നു.** സഭയെ നിർമ്മലകന്യകയായി തനിക്കു തന്നെ നിറുത്തുവാനാഗ്രഹിച്ചു. 2 കൊരിന്ത്യർ 11:2-ൽ, കൊരിന്ത്യ സഭയെ ഒരു നിർമ്മല കന്യകയെ പോലെ ഒരു അപ്പൻ എന്ന നിലക്കോ അല്ലെങ്കിൽ മണവാളന്റെ സ്നേഹിതൻ എന്ന നിലക്കോ ക്രിസ്തുവിന്നു വിവാഹനിശ്ചയം ചെയ്യുന്നതായി പൗലൊസ് പറയുന്നു. എങ്ങനെയായാലും, എഫെസ്യ ലേഖനത്തിൽ, "അവളുടെ സകല തേജസോടും" കൂടെ സഭയെ ക്രിസ്തു തനിക്കു തന്നെ നിറുത്തുന്നതായി പറഞ്ഞിരിക്കുന്നു. "തേജസ്" തർജിമ ചെയ്ത വാക്ക് *എൻഡോക്സസ്* ആണ്, അത് ഈ ലേഖനത്തിൽ വേറെ ഉപയോഗിച്ചിരിക്കുന്നതിന്റെ ആശയം, "മഹിമ" എന്നാണ്.[26] സഭക്ക് മഹത്തായ ഒരു അവകാശമുണ്ട് (1:18), സഭ ദൈവത്തിന് മഹത്വം കൊടുക്കുകയും ചെയ്യുന്നു (3:21). വാക്യം 27-ൽ, "തേജസ്" എന്ന വാക്ക് സഭയോട് കൂട്ടിച്ചേർക്കുന്നത് കാണിക്കുന്നത് സഭ ക്രിസ്തുവിന്റെ മണവാട്ടിയായി "ധാർമ്മിക പൂർണ്ണതയിലായിരിക്കുന്നു"[27] എന്നാണ്.

"കറ ചുളുക്കം മുതലായത് ഒന്നുമില്ലാതെ" എന്നത് തൊട്ട് താഴെ പറഞ്ഞിരിക്കുന്ന "തേജസുള്ള" എന്നതിൽനിന്നു വ്യത്യസ്തമാണ്, ക്രിസ്തുവിന്റെ മണവാട്ടി ധാർമ്മിക മാലിന്യമോ, കോട്ടമോ ഇല്ലാത്തവളാണ്. പുരാതന വിവാഹ പരിശീലനമനുസരിച്ച്, മണവാളൻ മണവാട്ടിയുടെ വീട്ടിലേക്ക് ചെന്ന്, സ്ത്രീധനം നൽകി, പിന്നീട് ഒരിക്കൽ അവളെ നിർമ്മല കന്യകയായി വിവാഹം കഴിച്ചുകൊള്ളാമെന്ന് സമ്മതിക്കുകയായിരുന്നു പതിവ്. അതേപോലെ, ക്രിസ്തു വന്ന് "തന്നെത്താൻ" അവൾക്ക് വേണ്ടി സ്ത്രീധനമായി ഏൽപിച്ചുകൊടുത്തു (5:25) സ്വർഗത്തിലേക്ക് പോയിരിക്കുകയാണ്, വീണ്ടും വന്ന് സഭയെ നിർമ്മലകന്യകയായി സ്വീകരിച്ചു സ്വന്ത ഭവനത്തിലേക്ക് കൊണ്ടുപോകും. അത് സംഭവിക്കുന്നത് ലോകാവസാനത്തിലാണ്. അത് പൗലൊസ് 2 കൊരിന്ത്യർ 11:2-ൽ പറഞ്ഞതിനോടും വെളിപ്പാടു 19-ൽ പറഞ്ഞ ഭാവനയോടും യോജിക്കുന്നു.

**അവളെ ശുദ്ധയും നിഷ്ക്കളങ്കയുമായി നിറുത്തേണ്ടതിന്.** *ഹിനാ* മൂന്നാമതു ഉപയോഗിച്ചതിന്റേയും, സഭക്ക് വേണ്ടി അവൻ "തന്നെത്താൻ കൊടുത്ത" മൂന്നാമത്തെ ഭാഗത്തിന്റേയും കാരണം ഇതാണ്. "ശുദ്ധയും നിഷ്ക്കളങ്കയും" എന്ന പ്രയോഗം പൗലൊസ് മുൻപ് ഉപയോഗിച്ചിട്ടുണ്ട് (1:4), അത് എഫെസ്യരെ "ലോകസ്ഥാപനത്തിന് മുൻപ്" തിരഞ്ഞെടുത്തതിന്റെ ഉദ്ദേശം വ്യക്തമാക്കിയപ്പോഴായിരുന്നു. അവർ "അവന്റെ മുൻപിൽ ശുദ്ധരും നിഷ്ക്കളങ്കരുമാകുവാനായിരുന്നു" അവൻ ആഗ്രഹിച്ചത്. ദൈവത്തെ അറിയാത്തവരുടെ സ്വഭാവമാണ് അശുദ്ധിയും കളങ്കവും, എന്നാൽ സഭയുടെ സ്വഭാവമാണ് വിശുദ്ധിയും നിഷ്ക്കളങ്കതയും. അവൻ "അവൾക്ക് വേണ്ടി

തന്നെത്താൻ ഏൽപിച്ചു കൊടുത്തപ്പോൾ," ക്രൂശിൽ ചിന്തിയ രക്തത്താൽ സഭയെ "ശുദ്ധയും നിഷ്ക്കളങ്കയും" ആക്കി. സഭ വെളിച്ചത്തിൽ തുടർച്ച യായി നടക്കുമ്പോൾ, അതേ രക്തം സഭയെ തുടർച്ചയായി "ശൂദ്ധയും നി ഷ്ക്കളങ്കയും" ആക്കി നിലനിർത്തും (1 യോഹ. 1:7). ക്രിസ്തു വീണ്ടും വരു മ്പോൾ, നിർമ്മലമായ സഭയെ പിതാവിന്ന് സമർപ്പിക്കും. സഭ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടതിനാൽ, അതിനെ "ശുദ്ധയും നിഷ്ക്കളങ്കയും" ആയി കാണണം. ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളായി, നാം-അവന്റെ ശരീ രവും മണവാട്ടിയും ആകയാൽ-പൗലൊസ് നിർദ്ദേശിച്ച പ്രബോധനമനുസ രിച്ച് ജീവിക്കണം.

**വാക്യം 28.** ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരോടുള്ള കടമകൾ നിർവ്വ ഹിക്കുന്നതിനെ കുറിച്ച് പറഞ്ഞപ്പോൾ, അവർ ഭാര്യമാരെ എങ്ങനെ കരുതണം എന്ന് ക്രിസ്തു സഭയെ സ്നേഹിച്ച ചിത്രീകരണമാണ് നൽകിയത്. അവൻ പ റഞ്ഞു, **അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്ത ശരീരങ്ങളെ പോലെ സ്നേഹിക്കേണ്ടതാകുന്നു.** "അവ്വണ്ണം" എന്നത് തർജിമ ചെയ്തിരി ക്കുന്ന വാക്ക് *ഹൗടോസ്* സൂചിപ്പിക്കുന്നത്, ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യ മാരെ "ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്ക് വേണ്ടി ഏൽപി ച്ചുകൊടുത്തതുപോലെ," സ്നേഹിക്കേണ്ടതാണ് എന്നത്രെ (5:25). "വേണം" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *ഒഫെയിലോ* എന്ന ഗ്രീക്ക് വാക്കാ ണ്, അർത്ഥം, "ചെയ്യേണ്ടതായ ധാർമ്മികമായതോ വ്യക്തിപരമായതോ ആയ കടമ."[28] (യോഹ. 13:14 നോക്കുക). "തങ്ങളുടെ സ്വന്ത ശരീരങ്ങളെ പോലെ" (5:28) എന്നു പറഞ്ഞതിന്റെ അർത്ഥം "കർത്താവ് തന്നെ എങ്ങനെ സ്നേഹി ക്കുന്നുവോ അതുപോലെ തന്റെ ഭാര്യയെ സ്നേഹിക്കണം" എന്നാണ് (5:33). എസ്. ഡി. എഫ്. സാൽമണ്ട് പറഞ്ഞു,

> അത് "അവരെ പോലെ" എന്നു പറഞ്ഞ് ചെറുതാക്കരുത് ... ; അല്ലെങ്കിൽ [*ഹോസ്*, "പോലെ"] ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ഭർത്താവിനു ഭാര്യയോടുള്ള സ്നേഹം തന്റെ സ്വന്ത ശരീരത്തോടുള്ള സ്നേഹം പോ ലെ ആയിരിക്കണം. *ഹോസ്* എന്ന വാക്കിന് സ്വഭാവഗുണവിശേഷണ മാണുള്ളത്, "മുൻപും" "ഇപ്പോഴും" *ഭർത്താവും ക്രിസ്തുവും* ഓരോ *തലയാണ്*. പൗലൊസ് ആദ്യം പറഞ്ഞതു*പോലെ* സഭ ക്രിസ്തുവിന്റെ ശരീരമായിരിക്കുന്നതുപോലെയാണ് ഭർത്താവിനു ഭാര്യയും. ഭർത്താവ് തലയായതിനാൽ ഭാര്യയെ തന്റെ ശരീരമായി കണക്കാക്കണം. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭർത്താവ് ഭാര്യയെ സ്നേഹിച്ച് പോറ്റി പു ലർത്തണം. ഇതേ കാഴ്ച്ചപ്പാടിലായിരിക്കാം ഭാര്യയും ഭർത്താവും *ഏക ശരീരമാണ്* എന്നു പറഞ്ഞിരിക്കുന്നത്.[29]

**വാക്യങ്ങൾ 28, 29.** ഒരു പൊതുവായ നിയമം അനുസരിച്ച് പുരുഷന്മാർ തങ്ങളുടെ ശരീരങ്ങളെ ഒരുനാളും പകെച്ചിട്ടില്ലല്ലൊ. അതുകൊണ്ട് പ്രകൃതി തന്നെ ഭാര്യമാരെ സ്നേഹിപ്പാനാണ് ഭർത്താക്കന്മാരോട് പറയുന്നത്, കാരണം അവർ ഭർത്താക്കന്മാരുടെ ജീവിതത്തിലെ പ്രധാന ഭാഗമാണ്. ക്രിസ്തു ശരീര മാകുന്ന സഭയുടെ തലയായിരിക്കുന്നതുപോലെ, ഭർത്താക്കന്മാർ ഭാര്യമാരുടെ തലയാകുന്നു. ആ ഒരു സമാനത ചിത്രീകരിച്ച് ഭർത്താക്കന്മാർ ഭാര്യമാരുടെ തല യാണെന്ന് പറഞ്ഞിരിക്കുന്നു. അങ്ങനെ ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ

സ്നേഹിക്കുമ്പോൾ, അവർ തങ്ങളുടെ ശരീരത്തെയാണ് സ്നേഹിക്കുന്നത്. **ക്രിസ്തു സഭയെചെയ്യുന്നതുപോലെ**, ഭർത്താവ്, സ്വന്ത ശരീരത്തെ **പോറ്റി പുലർത്തുന്നതു പോലെ**, തന്റെ സ്വന്ത ഭാര്യയെ "പോറ്റി പുലർത്തേണ്ടതാകുന്നു."

"പോറ്റുക" എന്നതു തർജിമ ചെയ്തിരിക്കുന്നത് *എക്ട്രേഫോ* ആണ്, അത് (*ഏക്*, "ഔട്ട് ഓഫ്") എന്നും (*ട്രേഫോ*, "കട്ടിയാക്കുക, അല്ലെങ്കിൽ ഭക്ഷണം കൊടുത്തു തടിപ്പിക്കുക, അല്ലെങ്കിൽ ആഹാരം കൊടുത്തു പോറ്റി പുലർത്തുക")[30] എന്നുമുള്ള രണ്ട് വാക്കുകൾ സംയോജിപ്പിച്ചതാണ്, 6:4–ൽ അതിന്റെ അടിസ്ഥാന വാക്ക് തർജിമ ചെയ്തിരിക്കുന്നത്, "കുട്ടികളെ പരിശീലിപ്പിച്ചു വളർത്തുന്ന" അർത്ഥത്തിലാണ്. വചനത്തോടുകൂടിയ ജലസ്നാനത്താലാണ് ക്രിസ്തു സഭയെ ശുദ്ധീകരിക്കുന്നത് (5:26 നോക്കുക), കൂടാതെ സഭ പക്വതയാർജിക്കുവാനാവശ്യമായതെല്ലാം അവൻ നൽകുകയും ചെയ്യുന്നു (4:11–16), ആകയാൽ ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരുടെ വളർച്ചക്ക് ആവശ്യമായ സഹായങ്ങൾ കൊടുക്കണം.

"പുലർത്തുക" (*താൽപോ*) ചൂട് അല്ലെങ്കിൽ  ഊഷ്മാവുമായി ബന്ധപ്പെട്ടതാണ്.[31] അതേ വാക്ക് 1 തെസ്സലൊനീക്യർ 2:7–ൽ ഉപയോഗിച്ചിരിക്കുന്നത് പറയുന്നത് ഒരു അമ്മ തന്റെ കുഞ്ഞുങ്ങളെ പരിചരിക്കുന്നതായിട്ടാണ്. "വളർത്തുക" എന്നതു വിവരിക്കുന്നത് ക്രിസ്തു സഭയെ സൗമ്യമായി കരുതുന്നത് ഓർമ്മിച്ച് ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരുടെ ക്ഷേമത്തെ കരുതി സ്നേഹത്തോടും സൗമ്യതയോടും വളരുവാൻ സഹായിക്കണം.

**വാക്യം 30. നാം അവന്റെ ശരീരത്തിലെ അവയവങ്ങൾ** ആകയാൽ എന്നു പറഞ്ഞിരിക്കുന്നത് ക്രിസ്ത്യാനികൾക്ക് അവരുടെ തലയായ ക്രിസ്തുവിനോട് ഊഷ്മളമായ ബന്ധമുണ്ട് എന്നാണ് അർത്ഥമാക്കുന്നത്. അവനാണ് തന്റെ ശരീരത്തിലുള്ളവർക്ക് എല്ലാം നൽകുന്നത്. കൂടാതെ, സ്നേഹവും കരുതലുമുള്ള ക്രിസ്തു സഭയെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നതുപോലെ ഭർത്താവ് തന്റെ മണവാട്ടിക്കുവേണ്ടി കരുതണം. കർത്താവ് "തന്റെ സ്വന്തരക്തത്താൽ സമ്പാദിച്ച" ശരീരത്തിലെ ഓരോ അവയവവും പ്രാധാന്യമുള്ളതാണ് (പ്രവൃ. 20:28). ക്രിസ്തുവിനു വിലയുള്ളതും പ്രാധാന്യമുള്ളതുമാണ് ശരീരം. അവൻ വേർപിരിക്കുവാൻ പറ്റാത്ത വിധം അതിനോട് ചേർന്നിരിക്കുകയും അതിന്റെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യും. അതുപോലെ, ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാർ വിലയുള്ളവരായി കാണുകയും അവരെ സ്നേഹത്തിൽ പോറ്റി പുലർത്തുകയും ചെയ്യണം.

**വാക്യം 31. അതു നിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായി തീരം**. ഭാര്യാഭർത്താക്കന്മാർ ഒന്നാണെന്ന് നമ്മെ അവസാനമായി ഓർപ്പിക്കുന്ന ഉല്പത്തി 2:24 ഉദ്ധരിച്ചിരിക്കുന്ന ഭാഗമാണ് ഇത്. ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ "സ്വന്ത ശരീരങ്ങളെ" പോലെ സ്നേഹിക്കണമെന്നും, ഭർത്താക്കന്മാർ ഭാര്യമാരെ സ്നേഹിക്കേണ്ടത് "തങ്ങളെപ്പോലെ" തന്നെയാണെന്നും പൗലൊസ് പറഞ്ഞിരിക്കുന്നു (5:28). കൂടാതെ, "ആരും തന്റെ ജഡത്തെ ഒരു നാളും പകച്ചിട്ടില്ലല്ലോ" എന്നും പറഞ്ഞിരിക്കുന്നു (5:29). ഉൽപത്തിയിലെ പ്രസ്താവന ഊന്നൽ ചെലുത്തുന്നത് ഭാര്യയും ഭർത്താവും "ഏക ദേഹം" ആണെന്നതിനാണ്.

**വാക്യം 32**. താൻ ആലങ്കാരികമായി പറഞ്ഞതിനെ ഓർപ്പിച്ചുകൊണ്ടാണ് പൗലൊസ് ഈ ഭാഗം അവസാനിപ്പിക്കുന്നത്. വിവാഹ **മർമ്മം** മുഖാന്തരം ദൈവം ഭാര്യയേയും ഭർത്താവിനേയും "ഏക ദേഹം" ആക്കുകയാണ്. **സഭയെ**

മനസിലാക്കുവാൻ സഹായിക്കുന്നതാണ് ആ മർമ്മമായ യോജിപ്പ്. മണവാട്ടിയുടെ മണവാളനായ **ക്രിസ്തുവിനെ** ദൈവം സഭയുടെ തലയാക്കി വെച്ചു. ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ മണവാട്ടിയും അവന്റെ ശരീരവുമാണ്.

**വാക്യം 33.** ഭാര്യ/ഭർത്തൃബന്ധത്തിൽ പ്രായോഗികമായ അർത്ഥം നൽകുന്നതാണ് സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തിന്റെ മർമ്മം. **എന്നാൽ** (*പ്ലെൻ*) എന്നു പൗലൊസ് എഴുതിയപ്പോൾ, ഫലത്തിൽ പറഞ്ഞത്, "ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധത്തെ കുറിച്ച് ഞാൻ മുൻപ് പറഞ്ഞ പോയിന്റിലേക്ക് മടങ്ങി വരുന്നു" എന്നാണ്. പിന്നെ ഒരു ഭർത്താവിനും അതിൽനിന്നു ഒഴിഞ്ഞു മാറാനാവില്ല എന്നാണ് അവൻ ഊന്നി പറഞ്ഞത്. അപ്പൊസ്തലൻ പറഞ്ഞു, **ഓരോ ഭർത്താവും ... തന്റെ ഭാര്യയെ സ്നേഹിക്കണം.** അതുപോലെ, **ഓരോ ഭാര്യയും താന്താന്റെ ഭർത്താവിനെ ബഹുമാനിക്കുന്നുണ്ടോ** എന്നു നോക്കണം. "ബഹുമാനിക്കുക" എന്ന ഗ്രീക്ക് ക്രിയ തർജിമ ചെയ്തിരിക്കുന്നത് *ഫോബെയോ* എന്നാണ്, അതിന്റെ അർത്ഥം "ഭയപ്പെടുക" എന്നാണ്.[32] അത് ഒരു ദാസന്റെ ഭയമല്ല, മറിച്ച് "ബഹുമാനത്തോടുകൂടെയുള്ള ഭയമാണ്."[33] അതായത്, "തലയായ ഭർത്താവിനോട് സ്വയ-ത്യാഗത്തോടെ പ്രതികരിക്കുക."[34]

### കൂടുതൽ പഠനത്തിന്:

**സഭയുടെ ശുദ്ധീകരണം (5:26)**

എഫെസ്യർ 5:26-ൽ, "ശുദ്ധീകരിക്കുക" എന്നത് ക്രിസ്തുവിന്റെ പ്രവൃത്തിയാണ്. വിശുദ്ധിയിൽ വളരുവാൻ നാം തുടർച്ചയായി ശ്രമിക്കുന്നുണ്ടെങ്കിലും, നാം ശുദ്ധീകരിക്കപ്പെട്ടവരാണെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു.

"വചനത്തോടുകൂടിയ ജല സ്നാനത്താൽ വെടിപ്പാക്കിയപ്പോൾ" ക്രിസ്തു സഭയെ ശുദ്ധീകരിച്ചു. ഭൂതകാലത്തിൽ ഒരിക്കൽ ക്രിസ്തു സഭയെ ശുദ്ധീകരിച്ചു ("ശുദ്ധീകരിച്ചു" എന്നു തർജിമ ചെയ്ത ക്രിയയുടെ പ്രാധാന്യം അതാണ്.) "വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി" എന്നു പൗലൊസ് പറഞ്ഞത് ദൃഷ്ടാന്തപരമാണെന്ന് വിശ്വസിക്കുവാൻ കാരണമൊന്നുമില്ല. ഒരു വേദഭാഗം ആലങ്കാരികമായോ, ദൃഷ്ടാന്തപരമോ അല്ലെങ്കിൽ അക്ഷരികമായി എടുക്കണം എന്നതാണ് ബൈബിൾ പഠനത്തിലെ ഒരു നല്ല നിയമം. ക്രിസ്തു സഭയെ ശുദ്ധീകരിച്ചത് "കഴുകിയാണ്," ആ കഴുകലിന് "വചനവും," "വെള്ളവും" ആവശ്യമാണ്. കർത്താവിന്റെ ജനത്തോടുള്ള പദ്ധതിയിൽ തിരുവെഴുത്തിലുടനീളം അക്ഷരികമായ "വെള്ളം" കാണാം.

ഉദാഹരണമായി, യോഹന്നാൻ സ്നാപകൻ ആളുകളെ കർത്താവിന്നു വേണ്ടി ഒരുക്കിയപ്പോൾ, അവരെ യോർദ്ദാൻ നദിയിൽ സ്നാനപ്പെടുത്തി (മത്താ. 3:6). യേശു യോഹന്നാനാൽ സ്നാനം ഏൽക്കുകയും അതിനു ശേഷം അവൻ വെള്ളത്തിൽനിന്നു കയറുകയും ചെയ്തു (മത്താ. 3:16). യോഹന്നാൻ "ശലേമിന്നു അരികത്ത് ഐനോനിൽ ആയിരുന്നു സ്നാനം കഴിപ്പിച്ചത്, കാരണം അവിടെ ധാരാളം വെള്ളം ഉണ്ടായിരുന്നു" (യോഹ. 3:23). ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ "വെള്ളത്താലും ആത്മാവിലും ജനിക്കണം" എന്നു യേശു പറഞ്ഞിരിക്കുന്നു (യോഹ. 3:5). യേശുവിനെ കുറിച്ചുള്ള സന്ദേശം കേട്ടു കഴിഞ്ഞപ്പോൾ, ഷണ്ഡൻ ഫിലിപ്പൊസിനോട് ചോദിച്ചു, "ഇതാ! വെള്ളം! സ്നാനം ഏൽക്കുന്നതിന് എന്തു വിരോധം?" (പ്രവൃ. 8:36). തന്റെ വിശ്വാസം ഷണ്ഡൻ ഏറ്റു പറഞ്ഞശേഷം, ഷണ്ഡനും

ഫിലിപ്പൊസും, “ഇരുവരും വെള്ളത്തിൽ ഇറങ്ങി, ഫിലിപ്പൊസ് ഷണ്ഡനെ സ്നാനം കഴിപ്പിച്ചു” (പ്രവൃ. 8:38). പത്രൊസ് സുവിശേഷം ജാതിയിൽ പെട്ട കൊർന്നെല്ല്യോസിന്റെ ഭവനത്തിലെത്തിച്ചപ്പോൾ, അവൻ പറഞ്ഞു, “നമ്മെ പോലെ പരിശുദ്ധാത്മാവ് ലഭിച്ച ഇവരെ സ്നാനം കഴിപ്പിച്ചുകൂടാതവണ്ണം വെള്ളം വിലക്കുവാൻ ആർക്ക് കഴിയും” (പ്രവൃ. 10:47).

തിത്തൊ. 3:5-ൽ, പൗലൊസ് പറഞ്ഞത്, ദൈവം നമ്മെ രക്ഷിച്ചത്, “പരിശുദ്ധാത്മ നവീകരണത്താലും, പുർജ്ജനനസ്നാനത്താലും, തന്റെ കരുണാധിക്യപ്രകാരമത്രെ” എന്നാണ്. അത് വാക്യം 26 ന്റെ ഒരു നല്ല കമെന്ററി ആണ്. ക്രിസ്തു “സഭയെ ശുദ്ധീകരിച്ചത് വചനത്തോടുകൂടിയ ജലസ്നാനത്താലത്രെ.” അത് “പരിശുദ്ധാത്മാവിന്റെ നവീകരണത്താലും പുനർജ്ജനന സ്നാനവും” എന്നു പറഞ്ഞിരിക്കുന്നതിന് തുല്യമാണ്. “നീതിക്ക് വേണ്ടി മനുഷ്യർ ചെയ്യുന്ന പ്രവൃത്തികളാലല്ല നാം രക്ഷിക്കപ്പെട്ടത്, പിന്നെയോ, അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ട ശേഷം നാം നിത്യജീവന്ന് അവകാശികളായി തീരുന്നു എന്നതാണ് തിത്തൊസ് മൂന്നിലെ ഊന്നൽ” (5:5-7). ദൈവത്തിന്റെ കൃപയാലും കരുണയാലുമാണ് തന്റെ രക്ഷ മനുഷ്യനിലെത്തിച്ചത്. ആ രക്ഷയും അവകാശങ്ങളും വാസ്തവത്തിൽ മനുഷ്യർക്ക് അനർഹമായിരുന്നപ്പോൾ, അവൻ “പരിശുദ്ധാത്മാവിന്റെ നവീകരണത്താലും, പുനർജ്ജനനസ്നാനത്താലും അത് സാധ്യമാക്കി.”

ക്രിസ്ത്യാനിയാകുവാനുള്ള പടികളുടെ അവസാനത്തേതാണ് “പുനർജ്ജനന സ്നാനം” എന്ന് അലക്സാണ്ടർ കാമ്പെൽ പറഞ്ഞിരിക്കുന്നു (2 കൊ. 5:17).[35] അത് സ്നാന പ്രവൃത്തിയാണെന്ന് പ്രാരംഭ ഗ്രീക്ക് സഭാ പിതാക്കന്മാർ മനസിലാക്കിയിരുന്നു എന്ന് ചരിത്രകാരനായിരുന്ന യൂസേബിയസ് പറഞ്ഞിട്ടുണ്ട്.[36] മിക്ക വ്യാഖ്യാതാക്കളും ഇതിനോട് യോജിക്കുന്നു. കാമ്പെൽ പിന്നെ പറഞ്ഞു, “പുനർജ്ജനന സ്നാനം” എന്നത് തന്നെയാണ് ... നമ്മുടെ ശരീരം ശുദ്ധവെള്ളത്താൽ കഴുകുക” എന്നത് (എബ്രാ. 10:22), അല്ലെങ്കിൽ “വെള്ളത്താൽ ജനിക്കുക” (യോഹ. 3:5) എന്നതും, “സ്നാനമോ ഇപ്പോൾ [നമ്മെ] രക്ഷിക്കുന്നു” എന്നതും (1 പത്രൊ. 3:21). എഫെസ്യർ 5:26 ലെ “പരിശുദ്ധാത്മാവിനാലുള്ള നവീകരണം” ആണ് “വചനത്താലുള്ള ശുദ്ധീകരണം” എന്നും കാമ്പെൽ പറയുകയുണ്ടായി, കാരണം പരിശുദ്ധാത്മാവ് വചനത്താലാണ് ശുദ്ധീകരിക്കുന്നത്.[37] (യോഹ. 15:3).

1 കൊരിന്ത്യർ 6:11-ൽ, എഫെസ്യർ കഴുകി, ശുദ്ധി പ്രാപിച്ച്, വിശുദ്ധീകരിക്കപ്പെട്ടതുപോലെ കൊരിന്ത്യരും “കഴുകപ്പെട്ട്” “വിശുദ്ധീകരിക്കപ്പെട്ടു.” രണ്ടു വാക്യങ്ങളിലും വിവരിച്ചിരിക്കുന്നത്, “പാപമോചനത്തിനായി” വെള്ളത്തിലുള്ള സ്നാനത്തെയാണ് (പ്രവൃ. 2:38), അത് ക്രിസ്തുവിനോട് ചേരുവാനും (റോമർ 6:3; ഗലാ. 3:27), ഏക ശരീരത്തിൽ പ്രവേശിപ്പാനുമാണ് (1 കൊ. 12:13). ചരിത്രത്തിൽ, ഒരു സമയത്ത് ക്രിസ്തു മരണത്തിൽ, തന്നെത്തന്നെ സഭക്കായി ഏൽപിച്ചുകൊടുത്തു. അവന്റെ ശരീരത്തിലെ ഓരോ അവയവവും ഒരു സമയത്ത് പാപത്തെയും സ്വയത്തെയും മരിപ്പിക്കുകയും, സ്നാനത്താൽ ക്രിസ്തുവിനോട് ചേരുകയും ചെയ്തു. പിന്നെ ആ വ്യക്തി ജീവന്റെ പുതുക്കത്തിനായി ഉയർത്തെഴുന്നേറ്റു (റോമർ 6:4 നോക്കുക). ഓരോ ക്രിസ്ത്യാനിയും വ്യക്തിപരമായി ശുദ്ധീകരിക്കപ്പെട്ടാണ് പല അവയവങ്ങളായ ശരീരം മുഴുവൻ ശുദ്ധീകരിക്കപ്പെടുന്നത്.

## പ്രായോഗികത

**ശരിയായ രീതിയിൽ നടക്കൽ**
**(2:1–10; 4:1, 17; 5:2, 8, 15)**

"നടക്കൽ" എന്നത് ദൃഷ്ടാന്തപരമായ ജീവിതമാണ്. ക്രിസ്ത്യാനികളായ നാം എങ്ങനെ നടക്കുന്നു എന്നും ആരോടുകൂടെ നടക്കുന്നു എന്നും ശ്രദ്ധിക്കണം.

*ലോകത്തെ അനുസരിച്ച് നാം നടക്കരുത്* (2:2). ലോകത്തിനനുസരിച്ച് നടക്കുന്നവർ നഷ്ടപ്പെട്ടവരാണ്; അവർ താൽക്കാലിക ലോകത്തിനുള്ളവരാണ്, ദൈവത്തിൽനിന്നകന്നുപോയ ലോകമാണ് അത്. ദൈവരാജ്യത്തിനു എതിരായ ഒരു രാജ്യത്തിലാണ് അവർ.

*നാം സാത്താനെ അനുസരിച്ച് നടക്കരുത്* (2:2). സാത്താനുമായി സഖ്യത പുലർത്തുന്നവർ നഷ്ടപ്പെട്ട ആത്മാക്കളാണ്. സാത്താൻ ആകാശ ശക്തിയുടെ പ്രഭുവും, "അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ശക്തിയും" ആണ് പിശാച്. അവരുടെ ജീവിതങ്ങളാൽ നിയന്ത്രിക്കപ്പെട്ടിരിക്കയാണ്.

*ജഡത്തിന്റെ മോഹമനുസരിച്ച് നാം നടക്കരുത്* (2:3). നഷ്ടപ്പെട്ട വ്യക്തികൾ തങ്ങളുടെ ഇഛക്കനുസരിച്ചാണ് ജീവിക്കുന്നത്, അല്ലാതെ ദൈവം ആഗ്രഹിക്കുന്നതുപോലെയല്ല.

*നാം കോപത്തിന്റെ മക്കളായിട്ട് നടക്കരുത്* (2:3). നഷ്ടപ്പെട്ടവർ പ്രകൃതിയാൽ ആദാമിന്റെ മക്കളായിട്ടാണ്, "മാനുഷികമായി, പാപമുള്ള" സ്വഭാത്തോടെ ജീവിച്ച് ദൈവകോപത്തിനിരയായി തീരുന്നതു. റോമർ 1:18 മുന്നറിയിക്കുന്നത് "അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗത്തിൽനിന്നു വെളിപ്പെടുന്നു" എന്നാണ്.

*യോഗ്യമായ രീതിയിൽ വേണം നാം നടക്കുവാൻ* (4:1). "[നമ്മെ] വിളിച്ച വിളിക്ക് യോഗ്യമായി നടക്കുവാനാണ്" പൗലൊസ് അപേക്ഷിച്ചത്. അവന്റെ കൃപയും മഹത്വവുമനുസരിച്ച് ജീവിക്കുവാനാണ് ദൈവം നമ്മെ അവന്റെ വിശുദ്ധ വിളിയാൽ വിളിച്ചത് (1 തെസ്സ. 2:12; 2 തിമൊ. 1:9). നാം വ്യർത്ഥ മനസ് അനുസരിച്ച് നടക്കരുത് (4:17). നഷ്ടപ്പെട്ടവർ നടക്കുന്നത് ആത്മിയ ദിശാബോധം ഇല്ലാതെയാണ്. ക്രിസ്തു ഒരു ഉദ്ദേശത്തോടെയാണ് ജീവിച്ചത്, നാം അവനെ പിൻപറ്റുകയാണെങ്കിൽ, അനുഗ്രഹിക്കപ്പെടും (1 പത്രൊ. 2:21; 3:9 നോക്കുക).

*നാം സ്നേഹത്തിൽ നടക്കണം* (5:2). ദൈവം സ്നേഹമാണ് (1 യോഹ. 4), നമ്മുടെ ഏറ്റവും വലിയ ലക്ഷ്യം ദൈവത്തെ പൂർണ്ണാത്മാവോടും, പൂർണ്ണ ശക്തിയോടും, പൂർണ്ണഹൃദയത്തോടും സ്നേഹിക്കുക എന്നതായിരിക്കണം, നാം മറ്റുള്ളവരേയും നമ്മെപോലെ സ്നേഹിക്കണം (മത്താ. 22:37–39).

*നാം വെളിച്ചത്തിന്റെ മക്കളായി നടക്കണം* (5:8). നാം ഇനി ഒരിക്കലും "ഇരുട്ടിന്റെ" മക്കളായി ജീവിക്കരുത്, കാരണം നാം "ലോകത്തിൽ വെളിച്ചം" ആണ്.

*നാം ബുദ്ധിയുള്ളവരായി നടക്കണം* (5:15, 16). നമുക്ക് ചെയ്യുവാൻ കഴിയുന്ന കാലത്തോളം, നാം കർത്താവിനെ സേവിക്കേണ്ടവരാണ് (യോഹ. 9:4 നോക്കുക).

ജേയ് ലോക്ഹാർട്ട്

**ആത്മ-നിറവുള്ള ജീവൻ (5:18–21)**

പഴയനിയമത്തിൽ, തന്റെ ജനത്തിനായി ദൈവത്തിന് ഒരു ആലയം ഉണ്ടായിരുന്നു. പുതിയനിയമത്തിൽ അവന്റെ മന്ദിരമായിരിക്കുന്നത് ദൈവജനമാണ്. പുതിയജനന സമയത്ത് (സ്നാനം) ഓരോ ക്രിസ്ത്യാനിയും ജീവനുള്ള ദൈവത്തിന്റെ ആലയമായി തീരുന്നു. പെന്തെകൊസ്തുനാളിൽ പത്രൊസ് പറഞ്ഞു, "ഓരോരുത്തൻ മാനസാന്തരപ്പെട്ട് യേശുവിന്റെ നാമത്തിൽ പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏൽപിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (പ്രവൃ. 2:38). നാം വീണ്ടും ജനിച്ചു കഴിഞ്ഞാൽ മറ്റൊരാളായിരിക്കും നമ്മിൽ വസിക്കുന്നതു-ദൈവത്തിന്റെ പരിശുദ്ധാത്മാവ്. ആ ദൈവീക നടപടി ആരംഭിക്കുന്നത് സ്നാനപ്പെടുമ്പോൾ മാത്രമാണ്; ക്രിസ്ത്യാനി ദിവസവും നടക്കേണ്ടത് ആത്മാവിനെ അനുസരിച്ചാണ്.

"ആത്മാവിൽ നിറയുവിൻ" എന്നാണ് പൗലൊസ് എഫെസ്യർക്ക് ആലോചന നൽകിയത് (5:18). അത് തിരഞ്ഞെടുക്കാവുന്ന ഒന്നല്ല; അത് ഒരു കൽപനയാണ്. നാം ഉയർന്ന ആത്മിയതയിലെത്തുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ചെയ്യേണ്ടതല്ല ആത്മാവിൽ നിറയുക എന്നത്; അത് ദൈവവചനത്താൽ വീണ്ടും ജനിക്കപ്പെട്ട ഓരോ ദൈവപൈതലിന്റേയും കടമയാണ്. നാം ആത്മാ*വിൽ* നിറയണം.

ആ ദൈവിക കടമ നിറവേറ്റുന്നു എന്ന് നമുക്ക് എങ്ങനെ അറിയാം? ആത്മ നിറവിൽ വളരുന്നതിന്റെ അടയാളം എന്തൊക്കെയാണ്? വാക്യം 18 ആ കൽപന നൽകുകയും, താഴെയുള്ള വാക്യങ്ങളിൽ, വിശ്വാസികളിലെ ആത്മ-നിറവ് തിരിച്ചറിയുവാൻ മൂന്നു ഗുണങ്ങൾ നമുക്ക് നൽകുകയും ചെയ്തിരിക്കുന്നു. ഗ്രീക്ക് വേദപുസ്തകത്തിൽ, അത് പാർട്ടിസിപ്പിളോടുകൂടിയ വാക്കുകളാൽ പറഞ്ഞിരിക്കുന്നത് തുടർപ്രവൃത്തിയെ സൂചിപ്പിക്കുന്നു.

ആത്മ-നിറവുള്ള ജീവിതത്തിൽ തിരിച്ചറിയാവുന്ന മുന്നു ലക്ഷണങ്ങൾ ഏവ?

*അന്യോന്യം ആദരവോടെ "സംസാരിക്കൽ."* "ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും" (5:19).

കർത്താവായ ദൈവത്തോടുള്ള നമ്മുടെ സ്നേഹമാണ് നാം പാട്ടു പാടുമ്പോൾ പ്രതിഫലിപ്പിക്കുന്നത്; അത് ആരാധനാ പ്രകടനമാണ്. സന്തോഷപ്രദമായ ആരാധനയുടെ ഭാഗവുമാണ്. സന്തോഷം നിറഞ്ഞു കവിയുമ്പോൾ നാം ദൈവത്തെ സ്തുതിക്കുന്നു. നമ്മെ വീണ്ടെടുത്ത ദൈവത്തോട് നമുക്കുള്ള നന്ദിയും ആദരവും ഉച്ചത്തിൽ പ്രകടിപ്പിക്കുവാൻ ആത്മാക്കൾ വാഞ്ഛിക്കുന്നു.

ആ "സംസാരം" സംഭവിക്കുന്നത് "സങ്കീർത്തനങ്ങളും ആത്മികഗീതങ്ങളും ആലപിക്കുമ്പോഴാണ്." ആ വാക്കുകളുടെ വ്യത്യാസങ്ങളിലേക്ക് അമിതമായി നാം കടക്കേണ്ട ആവശ്യമില്ല. എങ്കിലും, "സങ്കീർത്തനങ്ങൾ" എന്നു പറയുന്നത് പഴയനിയമ സങ്കീർത്തനങ്ങളാണ്. പ്രാരംഭ സഭക്ക് ഉണ്ടായിരുന്ന ഏക പാട്ടുപുസ്തകം അതായിരുന്നു. തന്റെ ദൈവശ്വാസിയ പുസ്തകത്തിലെ പുകഴ്ച്ചയാൽ ദൈവത്തെ സ്തുതിക്കുവാനാണ് പൗലൊസ് കൽപിച്ചത്. നമ്മുടെ മാനസികാവസ്ഥ എന്തായാലും, സന്തോഷത്തിലും, ദുഃഖത്തിലും, പ്രശ്നം എന്തായിരുന്നാലും, നമ്മുടെ വികാരങ്ങൾ പ്രകടിപ്പിക്കുവാൻ ഒരു സങ്കീർത്തനം കണ്ടെത്തുവാൻ കഴിയും.

"ഗീതങ്ങൾ" ദൈവത്തിലേക്ക് ഉയർത്തുന്ന സ്തുതി ഗീതങ്ങളാണ്. സങ്കീർത്തനം യെഹൂദ മതത്തിൽനിന്നു ലഭിച്ചതാണെങ്കിൽ, ക്രിസ്ത്യാനി പ്രത്യേകമായി ഉണ്ടാക്കിയതാണ് ഗീതങ്ങൾ.

"ആത്മിക ഗീതങ്ങൾ" നമ്മുടെ സന്തോഷവും, നന്ദിയും, വിശ്വാസവും ദൈവത്തിൽ അർപ്പിക്കുന്ന അനൗപചാരിക ഗാനങ്ങൾ എന്നു പറയാം. അവ ഗീതങ്ങളേക്കാളും, തലമുറകളായി കൈമാറി ലഭിച്ച സങ്കീർത്തനങ്ങളേക്കാളും വ്യക്തിപരമായിരിക്കാം.

നാം ഹൃദയത്തിൽ കർത്താവിന്നു പാടി ദൈവത്തെ മഹത്വപ്പെടുത്തണം. "പാട്ട് പാടുക" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് വാസ്തവത്തിൽ അർത്ഥമാക്കുന്നത്, ആരാധനയിൽ നാം നമ്മുടെ ഹൃദയ കമ്പികളിൽ സ്പർശിക്കണം എന്നാണ്. ഹൃദയം വഴിയാണ് നാം ദൈവത്തിന് ആത്മാർത്ഥമായ പുകഴ്ച്ച അർപ്പിക്കേണ്ടത്.

"കർത്താവിന്ന്" എന്ന വാക്കിൽ നമ്മുടെ ആരാധനയുടെ ലക്ഷ്യം കാണാം. പാട്ടുപാടുന്നത് നമ്മെ ഉയർത്തുവാനോ, അല്ലെങ്കിൽ നാമെല്ലാം ചേർന്ന് നമ്മുടെ ശബ്ദം എത്ര മനോഹരമാക്കുവാനോ അല്ല. നമ്മുടെ വീണ്ടെടുപ്പുകാരന്ന് ആദരവും പുകഴ്ച്ചയും നൽകുക എന്നതാണ് ആത്മിക ഗീതങ്ങളാലും, ഗീതങ്ങളാലും, സങ്കീർത്തനങ്ങളാലും പരസ്പരം സംസാരിക്കുക എന്നതിലുള്ള പ്രാഥമികമായ ലക്ഷ്യം.

*ദൈവത്തെ അനുമോദിക്കുന്നതാണ് "സ്തോത്രം ചെയ്യൽ."* "കർത്താവായ യേശുക്രിസ്തുവിന്റെ പിതാവും ദൈവവുമായവന്ന് എല്ലായ്പ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്വിൻ" (5:20).

എങ്ങനെ നാം ദൈവത്തെ സംബോധന ചെയ്യുന്നു എന്നു കാണിക്കുന്നതാണ് പാട്ട് പാടൽ, നമ്മുടെ സാഹചര്യങ്ങളെ പ്രതിഫലിപ്പിക്കുന്നതാണ് സ്തോത്രം ചെയ്യൽ. ആത്മാവിൽ നിറയുമ്പോൾ, നാം എല്ലാറ്റിനും സ്തോത്രം ചെയ്യും.

ഏതു വിധത്തിലുള്ള സ്തോത്രമാണ് അത്? നന്ദി ശരിയായ രീതിയിൽ സൂചിപ്പിക്കുന്നതാണ് അത്. "പിതാവായ ദൈവത്തിന്നു ... സ്തോത്രം, ചെയ്വിൻ" എന്നാൽ ചില ആളുകൾ പറയുന്നത്, "ഇന്ന് എനിക്ക് ഭാഗ്യ ദിവസമായിരുന്നു." പക്ഷെ നാം ദൈവത്തിനാണ് ബഹുമതി കൊടുക്കേണ്ടത്. "എല്ലായ്പോഴും സ്തോത്രം ചെയ്തു ..." ദൈവത്തോട് നന്ദിയുള്ളവരാകണം.

പൗലൊസ് തുടർന്നു, "... എല്ലാറ്റിനും." നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന നല്ല കാര്യങ്ങൾക്ക് നമുക്ക് എളുപ്പത്തിൽ നന്ദി ചെലുത്താൻ കഴിയും. എന്നാൽ ജീവിതത്തിൽ ബുദ്ധിമുട്ടുകൾ സംഭവിക്കുമ്പോഴോ? കാര്യങ്ങൾ അങ്ങനെ സംഭവിച്ചത് എന്തുകൊണ്ടാണെന്ന് നമുക്ക് അറിയില്ല, എങ്കിലും അതിൽനിന്നു എങ്ങനെയായാലും, നല്ലത് ഭവിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

*ഭയഭക്തിയോടെ അന്യോന്യം കീഴടങ്ങിയിരിപ്പിൻ.* "ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ." (5:21; എൻഐവി).

"കീഴടങ്ങൽ" എന്നതിൽ അന്യോന്യമുള്ള ബന്ധത്തെയാണ് കാണിക്കുന്നത്. പൗലൊസ് "കീഴടങ്ങുവിൻ" എന്ന് എഴുതിയപ്പോൾ, അത് ഒരു സൈനിക വാക്കായിട്ട് ഉപയോഗിച്ചിരുന്ന കാലമായിരുന്നു. അതിന്റെ അക്ഷരികമായ അർത്ഥം, ഒരാളുടെ തുല്യത മറ്റൊരാളുടെ തുല്യതക്ക് ഒപ്പമാക്കുക എന്നാണ്. അതിൽ യാതൊരു വിധ അപകർഷതാ ബോധവും ഉൾപ്പെടുന്നില്ല. പുത്രനാ

യ ദൈവം പിതാവായ ദൈവത്തിന്നു കീഴ്പ്പെട്ടിരുന്നു. അവൻ പൂർണ്ണമായും ദൈവത്തോട് സമനായിരുന്നു, എങ്കിലും സ്വയമായി അവൻ പിതാവിന്നു കീഴ്പ്പെട്ടു.

ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴ്പ്പെട്ടിരിക്കണം-എന്നാൽ അത് തത്വം പ്രദർശിപ്പിക്കൽ മാത്രമാണ്. കീഴ്പ്പെടുവാൻ അവരെ മാത്രമല്ല പഠിപ്പിച്ചിരിക്കുന്നത്. കീഴ്പ്പെടൽ എല്ലാ ക്രിസ്ത്യാനികൾക്കുമുള്ള കൽപനയാണ്. നാം ഏതളവിൽ സഹോദരീസഹോദരന്മാർക്ക് കീഴ്പ്പെടുന്നുവോ അതേ അളവിലായിരിക്കും നാം ആത്മാവിൽ നിറയുന്നത്. ചില ക്രിസ്ത്യാനികൾ തങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി നിലകൊള്ളുന്നതിനാലാണ് അവർ പരാജയപ്പെടുന്നത്. ഒരാൾ തന്റെ അവകാശങ്ങളിൽ നിലനിൽക്കുന്നേടത്തോളം അയാൾക്ക് ആത്മാവിന്റെ നിയന്ത്രണത്തിലാകുവാൻ കഴിയുന്നില്ല. നാം നമ്മുടെ സ്വയത്തെ മരിപ്പിച്ചവരാണ് (ഗലാ. 2:20). മരിച്ച വ്യക്തിക്ക് എന്ത് അവകാശമാണുള്ളത്?

ഒരു ക്രിസ്ത്യാനി മറ്റൊരു ക്രിസ്ത്യാനിയുടെ അധികാരത്തിൻകീഴിലാകുന്നത് എന്തിന്? അയാളെ സേവിക്കുവാൻ. ചില ആളുകൾക്ക് ആത്മാവിൽ-നിറയണമെന്ന് ആഗ്രഹമുണ്ട്, പക്ഷെ മറ്റുള്ളവരെ യേശുവിന്റെ നാമത്തിൽ ചെന്ന് സഹായിച്ച് കുഴപ്പത്തിലാകുവാൻ താൽപര്യമില്ല.പൗലൊസ് പറഞ്ഞു, “ഞങ്ങളെത്തന്നെ അല്ല, ക്രിസ്തുയേശുവിനെ കർത്താവ് എന്നും, ഞങ്ങളെയോ യേശു നിമിത്തം നിങ്ങളുടെ ദാസന്മാർ എന്നുമത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്” (2 കൊ. 4:5). നാം സ്നേഹത്തിൽ അന്യോന്യം സേവിക്കേണ്ടവരാണ്.

പൗലൊസ് പറഞ്ഞു, “ക്രിസ്തുവിനോടുള്ള ഭയഭക്തിയിൽ, അന്യോന്യ ം കീഴ്പ്പെട്ടിരിപ്പിൻ” (എൻഐവി). യേശു നിമിത്തമാണ് നാം അന്യോന്യം കീഴ്പ്പെടുന്നത്. അവൻ മറ്റുള്ളവരെ സേവിച്ചിരുന്നു; അവൻ നമുക്ക് ഒരു മാതൃക വെച്ചിരിക്കുന്നു. ആത്മാവിൽ-നിറയുക എന്നാൽ അവനെ പോലെ ആകുക എന്നർത്ഥം.

*ഉപസംഹാരം.* നാം ആത്മാവിൽ നിറയുമ്പോൾ, നമ്മെ നിയന്ത്രിക്കുന്നത് എന്താണെന്ന് ലോകം അറിയും. നമ്മുടെ സംസാരം, സ്തോത്രം ചെയ്യൽ, കീഴ്പ്പെടൽ എന്നിവയിൽകൂടെ നമുക്ക് അത് ലോകത്തിനു കാണിച്ചുകൊടുക്കാം.

**നമ്മുടെ സ്തോത്രം ചെയ്യൽ (5:20)**

നാം 5:20 വായിക്കുമ്പോൾ, നമ്മുടെ നന്ദി ചെലുത്തലിനുള്ള എല്ലാ-മാർഗരേഖയും ഉൾപ്പെടുത്തിയിരിക്കുന്നത് കാണാം:

ശരിയായ ദിശയിൽ: “പിതാവായ *ദൈവത്തിന്* ... സ്തോത്രം ചെയ്യുവിൻ.”
തുടർച്ചയായ കാലയളവ്: “*എല്ലായ്പോഴും* ... സ്തോത്രം ചെയ്യുവിൻ ...”
പൂർണ്ണമായ വ്യാപ്തിയിൽ: “*എല്ലാറ്റിന്നു* വേണ്ടിയും ... സ്തോത്രം ചെയ്യുവിൻ.”

**വിവാഹത്തിൽ ഏറ്റവുമധികം (5:21–33)**

പല വൈവാഹിക ബന്ധങ്ങളും ഉലയുന്നത് എന്തുകൊണ്ട്? വിവാഹബന്ധത്തിൽ കഴിയുന്നവരിൽ നല്ലൊരു ശതമാനം ദമ്പതികളും “സന്തുഷ്ടർ” അല്ലാതിരിക്കുവാൻ കാരണം എന്ത്? പുരുഷനും സ്ത്രീയും തങ്ങളുടെ സ്നേ

ഹം പങ്കു വെക്കേണ്ടത് ദൈവ പദ്ധതിപ്രകാരം അങ്ങനെയല്ല. ഭാര്യയും ഭർത്താവും തങ്ങളുടെ കഴിവനുസരിച്ച് ഏറ്റവും നല്ല ക്രിസ്ത്യാനികളായി ജീവിക്കുവാനും സന്തോഷം അനുഭവിക്കുവാനുമാണ് ദൈവം അവരിൽനിന്നു പ്രതീക്ഷിക്കുന്നത്.

5:21-33-ൽ, വിവാഹം കഴിച്ച പങ്കാളിയുമായി നാം ഓരോരുത്തരും സന്തോഷപ്രദമായി ജീവിക്കുവാനുള്ള ഉൾക്കാഴ്ച്ചയാണ് പൗലൊസ് നൽകിയിരിക്കുന്നത്. ഭർത്താവ് ഭാര്യയുടെ തലയായി സ്നേഹത്തോടെ നയിക്കുവാനാണ് ദൈവം പദ്ധതിയിട്ടിരിക്കുന്നത്; അവൻ ഭാര്യയോട് വിശ്വസ്തത പുലർത്തുന്ന ഒരു അനുയായി ആയിരിക്കണം.

*ഭർത്താക്കന്മാർക്കുള്ള ദൈവത്തിന്റെ തല.*

(1) ഭർത്താവ് തലയാണ് (5:23). ഭാര്യ ഭർത്താവിന് കീഴ്പ്പെട്ടിരിക്കണം എന്ന് പൗലൊസ് പറഞ്ഞപ്പോൾ, ഭർത്താവ് ഭാര്യയെ കീഴ്പ്പെടുത്തണം എന്നു പറഞ്ഞില്ല. "ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ അനുസരിപ്പിപ്പിൻ; അവരെ കീഴ്പ്പെടുത്തുവിൻ!" എന്ന് പൗലൊസ് ഒരിക്കലും എഴുതിയില്ല. അതിനു സമാനമായതും അവൻ പറഞ്ഞില്ല.

"ഭർത്താവ് ഭാര്യയുടെ തലയായിരിക്കണം" എന്നു പറഞ്ഞതിന്റെ അർത്ഥം എന്താണ്? അവൻ നയിക്കുന്നവനാകണം. കുടുംബത്തിൽ തന്റെ സ്ഥാനം മനസിലാക്കാത്ത ഏതു ഭർത്താവും കുഴപ്പത്തിലാകും. തന്റെ ഭാര്യയെ തരം താഴ്ത്തി കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്ന ഭർത്താവ്, ക്രിസ്തു എങ്ങനെയാണ് തന്റെ മണവാട്ടിയായ സഭയെ കീഴ്പ്പെടുത്തിയത് എന്നു തിരിച്ചറിയണം. സഭയെ സ്നേഹിച്ച് അവൾക്കുവേണ്ടി മരിപ്പാൻ തന്നെത്താൻ ഏൽപിച്ചു കൊടുത്തുകൊണ്ടാണ്, അല്ലാതെ പരുഷമായ കൽപനയാലായിരുന്നില്ല. ഒരു ഭർത്താവ് തന്റെ ഭാര്യയുമായി ഏറ്റവും അധികം കാലം ജീവിക്കുവാൻ, അയാൾ ക്രിസ്തുവിന്റെ മാതൃക പിൻപറ്റണം.

ഭർത്താവിന്റെ വീട്ടിലെ അവകാശം എന്നു പറയുന്നത് ട്രാഫിക്കിലെ അവകാശം പോലെയാണ്. ഉദാഹരണത്തിന്, ചിലപ്പോൾ, തനിക്ക് അവ-കാശ-പ്പെട്ട വഴി ആവശ്യപ്പെടുവാൻ കഴിയുകയില്ല, കാരണം കടന്നു പോകുവാനുള്ള സിഗ്നൽ കിട്ടിയാലും വലിയ വാഹനം തിരിഞ്ഞു പോകുന്നതുവരെ കാത്ത് നിൽക്കേണ്ടിവരും!

ചില ഭർത്താക്കന്മാർ തെറ്റായ രീതിയിലായിരിക്കാം അവരുടെ അവകാശങ്ങൾ ആവശ്യപ്പെടുന്നത്. അവരുടെ വഴിക്ക് പങ്കാളിയെ കീഴ്പ്പെടുത്തിയെടുക്കേണ്ട അധികാരം തങ്ങളിൽ ഉണ്ടെന്ന വിശ്വാസമാണ് അവർക്കുള്ളത്. ഫലമോ അവരുടെ വിവാഹബന്ധം തകരുകയായിരിക്കും ചെയ്യുന്നത്. ഭർത്താവിന് ദൈവം-നൽകിയ സ്ഥാനം അധികാരത്തോടെ കീഴ്പ്പെടുത്തുന്നതല്ല, മറിച്ച് സ്നേഹത്തോടെ നയിക്കുക എന്നതാണ്.

(2) ക്രിസ്തു സഭയുടെ തലയാകുന്നതുപോലെ ഭർത്താവ് ഭാര്യക്ക് തലയാകുന്നു (5:23). ആധിപത്യത്തോടെയല്ലെങ്കിൽ പിന്നെ എങ്ങനെയാണ് ഭർത്താവ് കുടുംബത്തെ നയിക്കുന്നത്? ക്രിസ്തു സഭയെ "നയിക്കുന്നതുപോലെ." "പോലെ" എന്ന ചെറിയ വാക്ക് നാം കാണാതെ പോകരുത്. വീടിന്റെ ചുമതലയുള്ള ഭർത്താവ് ബൈബിളിനെ ഒരു വാൾമുന കാണിച്ച് "കീഴടങ്ങുക!" എന്നു പറയുന്നതുപോലെ ഉപയോഗിക്കരുത്.

യേശു എപ്പോഴെങ്കിലും സഭയെ നിർബ്ബന്ധിച്ച് കീഴ്പ്പെടുത്തിയിട്ടുണ്ടോ? അങ്ങനെ അവൻ ചെയ്തിരുന്നുവെങ്കിൽ സഭ മറ്റൊരു വിധത്തിലാകുമായിരു

ന്നു. വാസ്തവത്തിൽ, സഭയിലെ പല അംഗങ്ങളും അവന്നു കീഴ്പ്പെടുന്നില്ല. എങ്ങനെയാണ് യേശു തന്റെ മണവാട്ടിയെ നയിക്കുന്നത്? അവൻ സഭക്ക് വേണ്ടി മരിക്കുകയും അപേക്ഷിക്കുകയുമാണ് ചെയ്തത്; അവൻ അവളെ സ്നേഹിച്ചു. 5:24 അനുസരിച്ച്, സഭ ക്രിസ്തുവിന്നു കീഴടങ്ങിയിരിക്കുന്ന തുപോലെ, ഭാര്യ സകലത്തിലും തന്റെ ഭർത്താവിന്നു കീഴ്പ്പെട്ടിരിക്കണം. അത് സാധ്യമാകുന്നത് യേശു തന്റെ സഭയെ നയിക്കുന്ന മാതൃക ഭർത്താവ് പിൻപറ്റുമ്പോഴാണ്.

(3) ക്രിസ്തു സ്നേഹിച്ചതുപോലെ ഭർത്താവ് തന്റെ ഭാര്യയെ സ്നേഹിക്കണം (5:25).

*നിസ്വാർത്ഥമായ ഒരു സ്നേഹം.* തന്റെ മണവാട്ടിയായ സഭയെ ക്രിസ്തു എങ്ങനെയാണ് സ്നേഹിച്ചത്? അവൻ അവളെ *നിസ്വാർത്ഥമായിട്ടാണ്* സ്നേഹിച്ചത്. കാരണം അവൻ സ്വയമായി അവൾക്കു വേണ്ടി നൽകി. തന്റെ ആഗ്രഹങ്ങളും ആവശ്യങ്ങളും ക്രിസ്തു ഇദംപ്രഥമമായി കണക്കാക്കിയില്ല. അവൻ അങ്ങനെ ചെയ്തിരുന്നുവെങ്കിൽ, ഒരിക്കലും മഹത്വകിരീടം അവനു ലഭിക്കുമായിരുന്നില്ല. മറിച്ച് തന്റെ മണവാട്ടിയുടെ ആവശ്യത്തിനാണ് അവൻ മുൻഗണന നൽകിയത്. "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രെ വന്നത്" (മർ. 10:45) എന്നു പറഞ്ഞപ്പോൾ, അവൻ തന്റെ സ്വാർത്ഥരഹിതമായ സ്നേഹത്തെയാണ് പ്രകടമാക്കിയത്.

ഒരാൾ വിവാഹം കഴിക്കുമ്പോൾ, തന്റെ സ്വന്ത ആഗ്രഹങ്ങളും ആവശ്യങ്ങളും ഉപേക്ഷിക്കുന്നു. അവൻ വിവാഹം കഴിച്ച ഭാര്യയുമായി ചേർന്ന് ഒരു ദേഹമായി തീരുന്നു. പിന്നെ തന്റെ സ്വന്തം ആഗ്രഹപ്രകാരം തീരുമാനങ്ങൾ എടുത്ത് നടപ്പിൽ വരുത്തുവാൻ പാടില്ല. ക്രിസ്തു സഭക്ക് വേണ്ടി തന്നെത്താൻ നൽകിയതുപോലെ, ഭർത്താവ് തന്നെത്തന്നെ ഭാര്യക്കായി നൽകണം. താൻ എടുക്കുന്ന ഓരോ തീരുമാനത്തിലും ഭാര്യയുടെ ഹൃദയ സ്പർശം ഉണ്ടായിരിക്കണം.

*ത്യാഗപൂർണ്ണമായ സ്നേഹം.* ഭർത്താവ് ഭാര്യയെ *ത്യാഗപൂർണ്ണമായി* സ്നേഹിക്കണം. കാരണം ബൈബിൾ പഠിപ്പിക്കുന്നത് ക്രിസ്തു സഭക്ക് വേണ്ടി മരിച്ചു എന്നാണ്. അക്ഷരികമായും, വാസ്തവമായും, പൂർണ്ണമായും അവൻ അതു ചെയ്തു. ഭർത്താവ് ഭാര്യക്കുവേണ്ടി "മരിക്കുന്നില്ലെങ്കിൽ" കർത്താവ് സ്നേഹിച്ചതുപോലെ അയാൾ തന്റെ ഭാര്യയെ സ്നേഹിക്കുന്നില്ല. അതായത്, അവൻ സ്വയം ത്യജിക്കണം എന്നർത്ഥം. തന്റെ വഴി അടിച്ചേൽപിക്കണം എന്ന ആശയത്തെ അവൻ മരിപ്പിക്കണം.

യേശു സഭക്ക് വേണ്ടി മരിക്കുക മാത്രമല്ല ചെയ്തത്, പിന്നെയോ സഭ സഭയായി തീരുന്നതിനു മുൻപ് ഓരോരുത്തൻ പാപസംബന്ധമായി ജീവിച്ചാൽ മാത്രമെ ക്രിസ്തുവിൽ ജീവിക്കുവാൻ കഴിയു എന്നു നിശ്ചയിച്ചിരിക്കുന്നു. എല്ലാ വീടുകൾക്കും എന്താണ് ഏറ്റവുമധികം ആവശ്യം? അവർക്ക് ഒരു വിവാഹവും രണ്ട്,ശവസംസ്ക്കാരവും! ഭാര്യ സ്വയം മരിക്കുന്നു; ഭർത്താവും സ്വയം മരിക്കുന്നു. ഭർത്താവ് ഭാര്യയെ ത്യാഗപൂർണ്ണമായി സ്നേഹിക്കുവാൻ തയ്യാറാവുന്നു. "എന്റെ ഭാര്യക്കായി ത്യജിക്കാതിരിക്കത്തക്ക വിലയുള്ളതായി മറ്റൊന്നു എനിക്കില്ല!" എന്ന് അയാൾ പറയുന്നു.

*ഒരു വിശുദ്ധീകരണ സ്നേഹം.* കൂടുതലായിട്ടുള്ളത്. യേശുവും തന്റെ മണവാട്ടിയെ *വിശുദ്ധീകരണത്തോടുകൂടി* സ്നേഹിച്ചു. "... അവൻ അവളെ

വചനത്തോടുകൂടിയ ജലസ്നാനത്താൽ കറ, ചുളുക്കം, മുതലായത് ഒന്നുമില്ലാതെ വിശുദ്ധയും നിഷ്ക്കളങ്കയുമായി തനിക്കു തന്നെ തേജസോടെ മുന്നിറുത്തേണ്ടതിന്നു തന്നെത്താൻ അവൾക്കു വേണ്ടി ഏൽപിച്ചു കൊടുത്തു" (5:26, 27).

എന്തു ചെയ്യുവാനാണ് ക്രിസ്തു പ്രവർത്തിക്കുന്നത്? തന്റെ മണവാട്ടിയെ ശുദ്ധീകരിച്ച് മനോഹരമാക്കുവാൻ. സ്നേഹത്തിൽ നയിക്കുന്ന ഒരു ഭർത്താവ് ആത്മ-നിറവിൽ എന്താണ് ചെയ്യുന്നത്? തന്റെ ഭാര്യയെ ശുദ്ധയും മനോഹരിയുമാക്കുകയാണ്.

താൻ അവളെ ഉപദേശിച്ച്, ആത്മിയമായി ഭർത്താവ് എന്ന നിലയിൽ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. അവളെ വിട്ടുവീഴ്ച്ച ചെയ്യുവാനും തദ്വാരാ കോപിക്കുവാനും പാപം ചെയ്യുവാനുമുള്ള സന്ദർഭത്തിലേക്ക് ഒരിക്കലും നയിക്കരുത്. അവളെ മലിനപ്പെടുത്തുന്ന യാതൊന്നും അവൻ ചെയ്യുകയില്ല. അവളുടെ ജീവിതത്തിൽ അശുദ്ധി പ്രവേശിക്കുന്ന യാതൊന്നിലേക്കും അവളെ നയിക്കുകയില്ല. വിശുദ്ധീകരണ സ്നേഹത്താൽ അവൻ അവളെ സ്നേഹിക്കും.

*തൃപ്തിപ്പെടുത്തുന്ന സ്നേഹം. തൃപ്തിപ്പെടുത്തുന്ന* സ്നേഹത്താലാണ് അവൻ തന്റെ ഭാര്യയെ സ്നേഹിക്കേണ്ടത്. "അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തശരീരങ്ങളെ പോലെ സ്നേഹിക്കേണ്ടതാകുന്നു" (5:28).

ഒരു പുരുഷൻ തന്റെ ശരീരത്തോട് എന്താണ് ചെയ്യുന്നത്? അവൻ ശരീരത്തെ തൃപ്തിപ്പെടുത്തുവാനാണ് ശ്രമിക്കുന്നത്. അതിനു ദാഹിക്കുമ്പോൾ, അവൻ വെള്ളം കുടിക്കും. അതിനു വിശക്കുമ്പോൾ, ആഹാരം നൽകും. അതിന് മുറിവേൽക്കുമ്പോൾ, സുഖപ്പെടുത്തുവാൻ ശ്രമിക്കും. അങ്ങനെയാണ് അയാൾ തന്റെ ഭാര്യയെ സ്നേഹിക്കേണ്ടത്. അയാൾ അവളുടെ ആവശ്യങ്ങൾ ചോദിച്ചറിഞ്ഞ് നിറവേറ്റിക്കൊടുത്ത് അവളെ തൃപ്തിപ്പെടുത്തണം. കീഴ്പ്പെട്ട് അങ്ങനെ ചെയ്യുന്ന ഭർത്താവിനെതിരെ മൽസരിക്കുവാൻ മിക്ക സ്ത്രീകളും ശ്രമിക്കുകയില്ല. അവരുടെ വൈവാഹികജീവിതം തൃപ്തികരമാകും കാരണം അയാൾ തന്റെ ഭാര്യയുടെ ആവശ്യങ്ങളെല്ലാം നിറവേറ്റി തൃപ്തിപ്പെടുത്തുന്നു.

തങ്ങളുടെ ശരീരത്തിന്റെ ഭാഗമായി ഭാര്യമാരെ കാണാതിരിക്കുന്ന ചില ഭർത്താക്കന്മാരുണ്ട്. അങ്ങനെയുള്ളവരുടെ കയ്യിലുള്ളത് പഴയതാകുമ്പോൾ പുതിയതിനു ശ്രമിക്കുമെന്നതാണ് പ്രശ്നം. ഭാര്യമാരെ അത്തരത്തിലുള്ള സമ്പാദ്യമായി കാണരുത്. അതിനു പകരം ക്രിസ്ത്യാനി പ്രായത്തിനനുസരിച്ച് ഭാര്യയെ കൂടുതൽ കരുതുകയും കൂടുതൽ സ്നേഹിക്കുകയുമാണ് ചെയ്യുന്നത്. ഭാര്യയുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ ശ്രമിക്കാത്ത ഭർത്താവ് ആത്മിയമായ ആത്മഹത്യ നടത്തുകയാണ്, കാരണം അവർ രണ്ടുപേരും ഒരു ദേഹമാണ്.

*സർവ്വപ്രധാനമായ ഒരു സ്നേഹം.* അവസാനമായി, വിവാഹപരിശീലനത്തിൽ, ഒരു പുരുഷൻ തന്റെ ഭാര്യയെ *സർവ്വപ്രധാനമായി* സ്നേഹിക്കണം. "അതു നിമിത്തം ഒരു മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ട് ഭാര്യയോട് പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായി തീരും" (5:31).

മറ്റെല്ലാ ബന്ധങ്ങളിലും മുൻപന്തിയിൽ നിൽക്കേണ്ടതാണ് വിവാഹ ബന്ധം. ആത്മിയ ബന്ധങ്ങളിൽ ശ്രേഷ്ഠമായ ബന്ധമായ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തോട് ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധത്തെ പൗലൊസ് സാമ്യപ്പെടുത്തിയിരിക്കുകയാണ്. ഏറ്റവും ഉയർന്ന ഉടമ്പടി അമ്മയും

മകനും തമ്മിലുള്ള ഉടമ്പടിയല്ല, മറിച്ച് ഭാര്യയും ഭർത്താവും തമ്മിലുള്ളതാണ്.

*ഭാര്യമാർക്കുള്ള ദൈവത്തിന്റെ വഴി.*

(1) ആവശ്യം: "ഭാര്യമാരേ നിങ്ങളുടെ സ്വന്ത ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ ..." (5:22). "കീഴടങ്ങുവിൻ" എന്നതിന്റെ അർത്ഥം ഒരാൾ സ്വയമായി മറ്റൊരാളുടെ അധികാരത്തിലാകുക എന്നാണ്. ലോകപ്രകാരം ചിന്തിക്കുന്ന ഒരു സ്ത്രീ ഈ തത്വത്തിനു വിരുദ്ധമായി ഭർത്താവിനോട് മൽസരിക്കും. ലോകം ചിന്തിക്കുന്നതുപോലെ അവൾ എത്രത്തോളം ചിന്തിക്കുന്നുവോ, അത്രത്തോളം അവൾ ഭർത്താവിന്നു കീഴ്പ്പെടുവാൻ മനസ് കാണിക്കാതിരിക്കും.

ആത്മ-നിറവുള്ള ഒരാൾ ദൈവം അധികാരസ്ഥാനത്താക്കിയിരിക്കുന്നവർക്ക് കീഴ്പ്പെടുവാൻ മനസ് കാണിക്കും. വാക്യം 21 പറയുന്നു, "ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ." കീഴ്പ്പെടൽ സ്ത്രീകൾക്ക് മാത്രമുള്ളതല്ല; അത് എല്ലാ ക്രിസ്ത്യാനികൾക്കുമുള്ളതാണ്. എന്നാൽ വീട്ടിൽ, ഭാര്യ ഭർത്താവിന്നു കീഴ്പ്പെട്ടിരിക്കണം എന്നാണ് ബൈബിൾ പറയുന്നത്.

ഷെയ്ക്സ്പിയർ എഴുതി, "രണ്ട് പേർ ഒരു കുതിരപ്പുറത്ത് സവാരി ചെയ്യുകയാണെങ്കിൽ, ഒരാളുടെ പുറകിൽ മറ്റൊരാൾ ഇരിക്കണം."[38] അത് കുതിരസവാരിയിൽ അപകർഷതാ ബോധം ഉളവാക്കുന്നതായിട്ടല്ല; മറിച്ച് പ്രായോഗിക ആവശ്യകതയാണ് വെളിപ്പെടുത്തുന്നത്. അതുപോലെ, വീട്ടിൽ ഭർത്താവിന്റെ "പിന്നിൽ ഇരുന്നു" ഓടിക്കേണ്ടവളാണ് ഭാര്യ.

പുറമെ കാണിക്കേണ്ടതിന്ന് കീഴടങ്ങുന്ന ഭാര്യമാർ വാസ്തവത്തിൽ ഭർത്താക്കന്മാർക്ക് കീഴടങ്ങുന്നവരല്ല. ബൈബിൾ കീഴടങ്ങലിൽ ആന്തരികവും ബാഹ്യവുമായ കീഴടങ്ങൽ അടങ്ങിയിരിക്കുന്നു. എങ്കിൽ മാത്രമെ അത് ദൈവത്തിന്റെ ആവശ്യം നിറവേറ്റുന്നുള്ളു.

(2) കാരണം: "ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്ക് തലയായിരിക്കുന്നതുപോലെ ഭർത്താവ് ഭാര്യക്കു തലയാകുന്നു" (5:23). വീട്ടിലെ ഭാര്യയിൽനിന്നു ദൈവം ഇത് ആവശ്യപ്പെടുവാൻ കാരണം എന്താണ്? കാരണം ഭാര്യയുടെ തലയാകുവാൻ ദൈവം ഭർത്താവിനെയാണ് തിരഞ്ഞെടുത്തത് (ഉല്. 3:16). അത് ശിക്ഷക്കുള്ളതല്ല, ഉദ്ദേശത്തിനുള്ളതാണ്. ദൈവം തന്റെ മഹാ ജ്ഞാനത്താൽ, ചില രീതിയിലുള്ള നിയമം-വീടായാലും, സമൂഹമായാലും, ഗവൺമെന്റായാലും-അനിവാര്യമാണെന്ന് ദൈവത്തിന് അറിയാമായിരുന്നു. ഒരു വീട്ടിൽ രണ്ട് യജമാനന്മാരുണ്ടായാൽ പെട്ടെന്ന് ഛിദ്ര വാസനയുണ്ടാകയും ഭിന്നിക്കുകയും, വീണുപോകയും ചെയ്യും. കുടുംബത്തിന്റെ തലയാകുവാൻ ഭർത്താവിനെയാണ് ദൈവം ആക്കിയിരിക്കുന്നത്. പൗലൊസ് എഴുതി, "എന്നാൽ ഏതു പുരുഷന്റേയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു" (1 കൊ. 11:3). അതാണ് ദൈവത്തിന്റെ "നിയമാവലി."

പുത്രനായ ദൈവം പിതാവായ ദൈവത്തോടു തുല്യനാണ്. ഫിലിപ്പിയർ 2:5-7 പറയുന്നു, "ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപമെടുത്ത് മനുഷ്യസാദൃശത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം അനുസരണമുള്ളവനായി തീർന്നു ..." മനുഷ്യപുത്രൻ സ്വയമായി പിതാവായ ദൈവത്തിന്നു കീഴടങ്ങി-തുല്യതയില്ലായ്മ നിമിത്തമല്ല, മറിച്ച് മനുഷ്യരെ വിജയകരമായി വീണ്ടെടുക്കുവാനുള്ള

ദൈവത്തിന്റെ കൽപനകളിൽ അത് ആവശ്യമായതിനാലത്രെ.

ഭർത്താവിനു കീഴ്പ്പെടാത്ത ഭാര്യ ജീവിതത്തിൽ അനേക പ്രശ്നങ്ങൾ നേരിടേണ്ടിവരും. ആദ്യമായി അവൾക്ക് *ദൈവവു*മായി പല പ്രശ്നങ്ങൾ നേരിടും. ഒരു ഭാര്യ തന്റെ ഭർത്താവിന് കീഴ്പ്പെട്ട് അവന്റെ നായകത്വത്തോട് പറ്റിച്ചേരാതിരുന്നാൽ അവളുടെ ശരിയായ പ്രശ്നം ഭർത്താവിനോടായിരിക്കയില്ല. അത് ദൈവത്തോടായിരിക്കും, കാരണം ദൈവമാണ് അവളോട് കീഴ്പ്പെടുവാൻ കൽപിച്ചത്. അതുകൊണ്ട്, അവൾക്ക് ആത്മിയമായ പ്രശ്നങ്ങളുണ്ടാകും; അവളുടെ പ്രാർത്ഥനാജീവിതത്തെയും, ബൈബിൾ പഠനത്തെയും ദൈവവുമായുള്ള അവളുടെ ബന്ധത്തെയും അത് ബാധിക്കും.

കീഴ്പ്പെടാത്ത ഭാര്യക്കാണ് *ഭർത്താവിൽ* നിന്നു പ്രയാസം ഉണ്ടാകുന്നത്. ഭർത്താവിന്റെ അധികാരത്തെ ഭാര്യ മാനിക്കാതിരിക്കുമ്പോൾ, അവൾ ഭർത്താവിനെ പൂർത്തീകരണത്തിൽ സഹായിക്കുകയില്ല, മറിച്ച് ഭർത്താവിന് അംഗഭംഗം വരുത്തുകയാണ് ചെയ്യുന്നത്. വീടിനെ നയിക്കുവാൻ ദൈവം-നൽകിയ ഉത്തരവാദിത്തം നിർവ്വഹിക്കുവാനുള്ള അവന്റെ അഭിലാഷത്തെ അവൾ നിരുൽസാഹപ്പെടുത്തുകയാണ് ചെയ്യുന്നത്. അവൾ അനുസരിച്ചില്ലെങ്കിൽ അവന് നയിക്കുവാൻ കഴിയുകയില്ല.

അവളുടെ *മക്കളും* അവൾക്ക് പ്രശ്നമുണ്ടാക്കും. ഭർത്താവിന് കീഴ്പ്പെടാത്ത ഭാര്യക്ക് മക്കളിൽനിന്നു ശരിയായ ബഹുമാനം ലഭിക്കുകയില്ല. മക്കൾ അമ്മയപ്പന്മാരെ അനുസരിക്കണമെന്നാണ് ബൈബിൾ പറയുന്നത് എന്നാൽ ഏതു തരം അമ്മമാരെയാണ് അനുസരിക്കേണ്ടത്? ആത്മ-നിറവുള്ള ഭർത്താക്കന്മാർക്ക് കീഴ്പ്പെടുന്ന ആത്മ-നിറവുള്ള അമ്മമാരെയാണ്. മൽസരിച്ച് സ്വന്തം ഇഷ്ടപ്രകാരം സ്വതന്ത്രയായി തീരുന്ന അമ്മമാരോട് മക്കളും അതേരീതിയിലായിരിക്കും പെരുമാറുക. അവൾക്ക് കൊടുക്കുവാൻ കഴിയാത്തത് മക്കളിൽനിന്ന് ആവശ്യപ്പെടുവാനും കഴിയുകയില്ല.

അത്തരം ഭാര്യക്ക് *അവളിൽനിന്നു* തന്നെ പ്രശ്നമുണ്ടാകും. ദൈവം അവൾക്ക്-നൽകിയ പങ്കിനോടാണ് അവൾ മൽസരിക്കുന്നത്. ആ ഒരു അറിവ് അവളെ എപ്പോഴും വേട്ടയാടിക്കൊണ്ടിരിക്കും. അവൾ ഭർത്താവിന്റെ നായകത്വത്തിനു കീഴ്പ്പെടാത്തേടത്തോളം അവളുടെ ആവശ്യങ്ങൾ മുഴുവനും നിറവേറ്റുവാൻ അവൾക്ക് കഴിയാതെ വരും.

(3) ഫലങ്ങൾ: “എന്നാൽ സഭ ക്രിസ്തുവിന്നു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കേണം” (5:24). പൗലൊസിന്റെ നിർദ്ദേശങ്ങൾ പല സ്ത്രീകളയും ശുണ്ഠി പിടിപ്പിച്ചിട്ടുണ്ട്. അത്തരം മനോഭാവമുള്ളവർ ജീവിതത്തിലെ വലിയ തത്വത്തെ കാണാതെ പോകുകയാണ്. കീഴടങ്ങൽ സ്വാതന്ത്ര്യത്തെ എടുത്തുകളയുന്നില്ല; അത് വാസ്തവത്തിൽ സ്വാതന്ത്ര്യത്തെ നൽകുകയാണ് ചെയ്യുന്നത്. എന്നാൽ അവിശ്വാസിയായ ഭർത്താവിനോടോ അല്ലെങ്കിൽ ദൈവകൽപന ലംഘിക്കുന്ന ഭർത്താവിനോടോ? “സകലത്തിലും” എന്നു പറഞ്ഞിരിക്കുന്നതിൽ അതും ഉൾപ്പെടുമോ? ഇവിടെ നമുക്ക് സഹായകരമായ ഒരു തത്വം ഇതാ: ദൈവേഷ്ടം *ലംഘിക്കപ്പെടുന്നില്ലെങ്കിൽ* ഭാര്യ സകലത്തിലും കീഴടങ്ങിയിരിക്കണം. ആ കൽപന ഭർത്താവിനോടുള്ള നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കേണ്ട ഒന്നല്ല. തനിക്ക് ഇഷ്ടമുള്ള തീരുമാനങ്ങൾ എടുക്കുമ്പോൾ മാത്രം കീഴ്പ്പെട്ടിരിക്കേണ്ട ഒരു കൽപനയല്ല ആത്. ദൈവത്തിന്റെ വിശുദ്ധ നിലവാരത്തിനു വിരുദ്ധമായി എന്തെങ്കിലും ചെയ്യുവാനാവശ്യപ്പെട്ടാൽ അതിനു

മാത്രം കീഴ്പ്പെടാതിരിക്കുക എന്ന ഒഴികഴിവാണുള്ളത്.

പത്രൊസിന്റെ കാലത്തെ മതാദ്ധ്യക്ഷന്മാർ പത്രൊസിനോട് യേശുവിന്റെ നാമത്തിൽ അശേഷം പ്രസംഗിക്കരുത് എന്നു വിലക്കിയപ്പോൾ പത്രൊസ് അവരോട് പറഞ്ഞു, "ദൈവത്തേക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നത് ദൈവത്തിന്റെ മുമ്പാകെ ന്യായമോ എന്നു വിധിപ്പിൻ; ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നത് പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല" (പ്രവൃ. 4:19, 20). മാനുഷികാധികാരം ദൈവികാധികാരത്തിന് എതിരായി വരുമ്പോൾ, പ്രഥമസ്ഥാനം ദൈവത്തെ മാനിച്ച് അനുസരിക്കുന്നതിനാണ് കൊടുക്കേണ്ടത്.

ഒരു ക്രിസ്തീയ ഭാര്യ അവിശ്വാസിയായ ഭർത്താവിനോട് പറ്റി ചേർന്നിരിപ്പാനാണ് പത്രൊസ് നിർദ്ദേശിച്ചത് (1 പത്രൊ. 3:1, 2). എങ്ങനെയായാലും, പത്രൊസ് "സകലത്തിലും" എന്ന പ്രയോഗം കൂട്ടിച്ചേർത്തില്ല. അവിശ്വാസിയായ ഭർത്താവ് അവൾക്ക് സമ്മതമല്ലാത്ത കാര്യങ്ങൾ ചെയ്യുവാൻ ആവശ്യപ്പെട്ടേക്കാമെന്നതുകൊണ്ടായിരിക്കണം പത്രൊസ് ആ പ്രയോഗം ചേർക്കാതിരുന്നത്.

5:24-ൽ ഭാര്യമാർ ഭർത്താക്കന്മാർക്ക് "സകലത്തിലും" കീഴടങ്ങിയിരിക്കേണം എന്നു പറഞ്ഞിരിക്കുന്ന സന്ദർഭം വളരെ വ്യക്തമാണ്. ആത്മ-നിറവുള്ള ഭാര്യമാർ ആത്മ-നിറവുള്ള ഭർത്താക്കന്മാരുമായുള്ള ബന്ധത്തിലാണ് പൗലൊസ് പറയുന്നത്. അത്തരം ഭർത്താക്കന്മാർ ഒരിക്കലും ദൈവേഷ്ടത്തിന് വിരുദ്ധമായി ചെയ്യുവാൻ തങ്ങളുടെ ഭാര്യമാരോട് ആവശ്യപ്പെടുകയില്ല. അതുകൊണ്ട് ആത്മ-നിറവുള്ള ഭാര്യ തന്റെ ഭർത്താവിന് സകലത്തിലും കീഴ്പ്പെട്ടിരിക്കും. അവൾ അങ്ങനെ ചെയ്താൽ മാത്രമെ അവൾക്ക് ശരിയായ തൃപ്തിയും, ഭദ്രതയും അനുഭവിച്ച് അവളുടെ ഭർത്താവിനെ തികവുള്ളവനാക്കി തീർക്കുവാൻ കഴിയുകയുള്ളു.

*ഉപസംഹാരം.* ഒരു ഭർത്താവ് ഭാര്യയെ സ്നേഹിക്കുക എന്നത് തിരഞ്ഞെടുക്കാവുന്നതല്ല. യേശു തന്റെ സഭയെ സ്നേഹിച്ചതുപോലെ, ഭർത്താവ് തന്റെ ഭാര്യയെ സ്നേഹിക്കുകയാണെങ്കിൽ, അയാൾ തന്റെ ഭാര്യയുമായി നല്ലൊരു ബന്ധം സ്ഥാപിക്കുകയായിരിക്കും ചെയ്യുക. അങ്ങനെ വരുമ്പോൾ അയാളുടെ ഭാര്യ കീഴ്പ്പെടുന്നതിനു ശ്രമിക്കുകയും ഇരുവരും ദൈവം ഉദ്ദേശിച്ച രീതിയിലുള്ള വൈവാഹികബന്ധം പരമാവധി ആസ്വദിച്ച് മുൻപോട്ട് പോകും.

ക്രിസ് ബുള്ളാർഡ്

**ഭർത്താവിന്റെ പങ്ക് (5:23-31)**

5:23-31 അനുസരിച്ച്, ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ മൂന്നു വിധത്തിലാണ് ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നത്: *അവർ തങ്ങളുടെ ഭാര്യമാർക്ക് ആത്മിയ നേതൃത്വം നൽകണം* (5:23). ഭർത്താവ് ഭാര്യക്ക് "തലയാണ്" എന്ന വസ്തുത തെളിയിക്കുന്നത് അവരാണ് ഭാര്യമാരെ ആത്മിയമായി നയിക്കേണ്ടത് എന്ന് അവർ അംഗീകരിക്കണം.

*അവർ തങ്ങളുടെ ഭാര്യമാരെ* സ്വയ-ത്യാഗസ്നേഹത്തോടെ സ്നേഹിക്കണം (5:25). "ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ അവർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കണം." തങ്ങളേക്കാൾ അവർ ഭാര്യമാരെ സ്നേഹിക്കണം.

ആ സ്നേഹം നിരന്തര സ്നേഹമാണ് (5:26, 27). ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ പ്രോൽസാഹിപ്പിച്ച് പണിതുയർത്തണം. സഭയിലെ അംഗങ്ങളെല്ലാം "ക്രിസ്തു സഭയെ സ്നേഹിച്ച് അവൾക്കു വേണ്ടി തന്നെത്താൽ ഏൽപിച്ചു കൊടുത്തതുപോലെ," ഭർത്താക്കന്മാരെ കൂടാതെ ഭാര്യമാർക്ക്

വളരുവാൻ കഴിയുകയില്ല.

ആ സ്നേഹം ഉയരുന്ന സ്നേഹമാണ് (5:28–30). "പോറ്റുക" എന്ന വാക്കിൽ, മൂല്യവും ഊഷ്മളമായ വികാരവും ഉൾപ്പെടുന്നു (1 തെസ്സ. 2:7). "പുലർത്തുക" എന്നത് ഒരു തോട്ടത്തിന്റെ വളർച്ചക്ക് ആവശ്യമായത് ചെയ്യുന്ന അർത്ഥമാണു കാണിക്കുന്നത്. തോട്ടക്കാരൻ തോട്ടത്തിലെ ചെടികൾ നടുകയും അവക്ക് വെള്ളവും വളവും നൽകി പോഷിപ്പിക്കുന്നു, അതുപോലെ, ഭർത്താക്കന്മാരാണ് തങ്ങളുടെ ഭാര്യമാരുടെ ക്ഷേമം നോക്കേണ്ടത്. ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ പോറ്റി പുലർത്തുമ്പോൾ, അവർ അവരെ മനസിലാക്കുകയും ബഹുമാനിക്കുകയും ചെയ്യും (1 പത്രൊ. 3:7 നോക്കുക). അവർ അവരുടെ പ്രാധാന്യം തിരിച്ചറിയുകയും ചെയ്യും.

*അവർ തങ്ങളുടെ ഭാര്യമാരോട് ആത്മാർത്ഥതയുള്ളവരായിരിക്കും* (5:31). ഭർത്താക്കന്മാരും ഭാര്യമാരും "ഏക ദേഹമായി തീരും." അവർ ജീവിച്ചിരിക്കുന്ന കാലത്തോളം അന്യോന്യം അവർ ആത്മാർത്ഥതയുള്ളവരായിരിക്കും.

ജേയ് ലോക്ഹാർട്ട്

---

കുറിപ്പുകൾ

[1]സ്പിറോസ് സോദിയേറ്റ്സ്, എഡി., *ദ കംപ്ലീറ്റ് വേർഡ് സ്റ്റഡി ന്യൂ ടെസ്റ്റമെന്റ്* 2ഡ് എഡി. (ചറ്റനൂഗാ, ടെന്ന.: ഏഎംജി പബ്ലിഷേഴ്സ്, 1991), 869. [2]കെന്നെത്ത് എസ്. വൂവെസ്റ്റ്, *വൂവെസ്റ്റ്സ്, വേർഡ് സ്റ്റഡീസ് ഫ്രം ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ: എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1953), 126. [3]എതെൽബെർട്ട് ഡബ്ലിയു. ബല്ലിഞ്ചർ, *ഏ ക്രിട്ടിക്കൽ ലെക്സിക്കൻ ആന്റ് കൺകോർഡൻസ് ടു ദ ഇംഗ്ലീഷ് ആന്റ് ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, എൻ. ഡി.: റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, റീജെൻസി റെഫറൻസ് ലൈബ്രറി, 1975), 154. [4]വൂവെസ്റ്റ്, 126. [5]സി ജി. വിൽക്കെ ആന്റ് വിൽബാൾഡ് ഗ്രിം, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ദ ന്യൂ ടെസ്റ്റമെന്റ്*, ട്രാൻസ് ആന്റ് റെവ. ജോസഫ് ഹെൻറി തേയർ (എഡിൻബറോ ടി & ടി ക്ലാർക്ക്, 1901, റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977), 220. [6]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ് എഡി. റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 982. [7]വൂവെസ്റ്റ്, 127. [8]സോദിയേറ്റ്സ്, 948. [9]ആൻഡ്ര്യു ടി. ലിങ്കൺ, *എഫെഷ്യൻസ്,* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം 42 (ഡള്ളാസ്: വേർഡ് ബുക്സ്, 1990), 346. [10]ജോസെഫസ് *ആന്റിക്വിറ്റിസ്* 7.12.3.

[11]ബല്ലിഞ്ചർ 761. [12]വൂവെസ്റ്റ്, 227. [13]എം. സി. കുർഫീസ്, *ഇൻസ്ട്രമെന്റൽ മൂസിക് ഇൻ ദ വർഷിപ്* (നാഷില്ലേ: ഗോസ്പൽ അഡ്വെക്കേറ്റ് കമ്പനി., 1950), 16. സ്റ്റഡീസ് ഓഫ് സിങ്ങിങ് റിട്ടൺ ബൈ ഓവൻ ഡി. ഓൾബ്രൈറ്റ്, ഹൂഗോ മെക്കോർഡ്, ആന്റ് ജാക്ക് പി. ലേവിസ് ആർ ഇൻക്ലൂഡഡ് ഇൻ "വർഷിപ്," *ട്രൂത്ത് ഫോർ ടുഡേ* (മാർച്ച് 2003): 27–31 ആന്റ് "ദ ക്വെസ്റ്റ്യൻ ഓഫ് ഇൻസ്ട്രമെന്റൽ മൂസിക്," ട്രൂത്ത് ഫോർ ടുഡേ (മാർച്ച് 2008). [14]കുർഫീസ്, 48. [15]സോദിയേറ്റ്സ്, 964. [16]വൂവെസ്റ്റ്സ്, 129. [17]ലിങ്കൺ, 365. [18]വൂവെസ്റ്റ്, 130. [19]സോദിയേറ്റ്സ്, 942. [20]ലിങ്കൺ, 368.

[21]ഇബിഡ്., 372. [22]ഇബിഡ്., 373. [23]വൂവെസ്റ്റ്, 131. [24]ഇബിഡ്., 132. [25]സോദിയേറ്റ്സ്, 928. [26]ലിങ്കൺ, 377. [27]ഇബിഡ്. [28]സോദിയേറ്റ്സ്, 942. [29]എസ്.ഡി. എഫ്.സാൽമണ്ട്, "ദ എപ്പിസ്റ്റിൽ ടു ദ എഫെഷ്യൻസ്," *ഇൻ ദ എക്സ്പോസിറ്റേഴ്സ് ഗ്രീക്ക് ടെസ്റ്റമെന്റ്*, എഡി. ഡബ്ലിയു. റോബർട്ട്സൺ നിക്കോൾ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1967), 3:370–71. [30]ബല്ലിഞ്ചർ, 537.

[31]ഇബിഡ്., 146. [32]ഇബിഡ്., 279. [33]ജെ. ഏ. റോബിൻസൺ, *സെന്റ് പോൾ'സ് എപ്പിസ്റ്റിൽ ടു ദ എഫെഷ്യൻസ്*, 2ഡ് എഡി. (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1904), 127. [34]ലിങ്കൺ, 385. [35]അലെക്സാണ്ടർ കാമ്പെൽ, *ദ ക്രിസ്റ്റ്യൻ സിസ്റ്റം* (സെന്റ്. ലുയിസ്: ക്രിസ്റ്റ്യൻ പബ്ലിഷിങ് കമ്പനി., 1835), 231. [36]യൂസേബിയസ് പാംഫിലസ് *ദ ലൈഫ് ഓഫ് ദ ബ്ലെസഡ് എംപെറർ കോൺസ്റ്റൻടൈൻ* 4.62. [37]കാമ്പെൽ, 232. [38]വില്യം ഷെയിക്സ്പിയർ *മച്ച് അഡോ എബൗട്ട് നതിങ്* 3.5.